VOL NO: 08 | ISSUE 03
2024 JANUARY 20 | ₹10

# നേർപഥം

വാരിക
www.nerpatham.com | mail@nerpatham.com



മനുഷ്യായുസ്സിലെ ഏറ്റവും ഊർജസ്വലമായ കാലമാണ് യുവത്വം. ഇരു ദുർബലതകൾക്കിടയിലെ ശക്തമായ ഘട്ടമായാണ് യുവത്വത്തെ മതം പരിചയപ്പെടുത്തുന്നത്. സംഹാരശേഷിയുള്ള യുവത്വത്തെ എങ്ങനെ സമൂഹ നിർമിതിക്ക് വേണ്ടി ക്രിയാത്മകമായി ഉപയോഗപ്പെടുത്താമെന്ന ചിന്തയിലൂടെ മാത്രമെ ഭാസുരമായ ഭാവി കെട്ടിപ്പടുക്കാനാവൂ.

# ‘യുവത്വം’ ഒരു ഇസ്‌ലാമിക വായന

## സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ?

|| ജീവിതാസക്തിയുടെ പുതിയകാല സ്വഭാവം

|| സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം

|| ആക്ഷേപങ്ങളിൽ ആശ്വാസമടയുന്ന സമസ്തക്കാർ




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0365
# നേർപഥം
വാരിക

2024 ജനുവരി 20
1445 റജബ് 08
പുസ്തകം 08 / ലക്കം 03




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

10 കവർ സ്റ്റോറി




**മെഹബൂബ് മദനി, ഒറ്റപ്പാലം**

മനുഷ്യായുസ്സിലെ ഏറ്റവും ഊർജസ്വലമായ കാലമാണ് യുവത്വം. ഇരു ദുർബലതകൾക്കിടയിലെ ശക്തമായ ഘട്ടമായാണ് യുവത്വത്തെ മതം പരിചയപ്പെടുത്തുന്നത്. സംഹാരശേഷിയുള്ള യുവത്വത്തെ എങ്ങനെ സമൂഹ നിർമിതിക്ക് വേണ്ടി ക്രിയാത്മകമായി ഉപയോഗപ്പെടുത്താമെന്ന ചിന്തയിലൂടെ മാത്രമെ ഭാസുരമായ ഭാവി കെട്ടിപ്പടുക്കാനാവൂ.

**05** മുഖമൊഴി
ജീവിതാസക്തിയുടെ പുതിയകാല സ്വഭാവം

**06** ലേഖനം
ആത്മീയതയുടെ മറവിൽ ധനസമാഹരണം
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

**18** ലേഖനം
സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**25** കാഴ്ച
ശേഷം പ്രളയമുണ്ടാകില്ല
ഇബ്നു അലി എടത്തനാട്ടുകര

**26** ലേഖനം
സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ?
ഹംസ ജമാലി

**30** വിമർശനം
ആക്ഷേപങ്ങളിൽ ആശ്വാസമടയുന്ന സമസ്തക്കാർ
മൂസ സ്വലാഹി കാര

**34** ബാലപഥം
ഉമ്മ
ഉസ്മാൻ പാലക്കാഴി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# 'സർഗ വസന്തം' സമാപിച്ചു

## കണ്ണൂർ, മലപ്പുറം ഈസ്റ്റ്, മലപ്പുറം വെസ്റ്റ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി

ആലത്തിയൂർ: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് രണ്ടു ദിവസങ്ങളിലായി ആലത്തിയൂരിലെ ദാറുൽ ക്വുർആനിൽ സംഘടിപ്പിച്ച സംസ്ഥാന മദ്‌റസാ സർഗവസന്തം സമാപിച്ചു. 314 പോയിന്റുകൾ നേടി കണ്ണൂർ ജില്ല ഓവറോൾ ജേതാക്കളായി. 282 പോയിന്റുകൾ നേടി മലപ്പുറം ഈസ്റ്റ് രണ്ടാം സ്ഥാനവും 277 പോയിന്റുകൾ നേടി മലപ്പുറം വെസ്റ്റ് ജില്ല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഉദ്ഘാടന സമ്മേളനത്തിൽ ഹുസൈൻ കാവനൂർ അധ്യക്ഷനായി. വിസ്ഡം സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി ഉദ്ഘാടനം ചെയ്തു. ഉസ്മാൻ പാലക്കാഴി ആശംസാ പ്രസംഗം നടത്തി. പ്രോഗ്രാം കൺവീനർ അംജദ് മദനി സ്വാഗതം പറഞ്ഞു.

മദ്‌റസാ തലത്തിലും കോംപ്ലക്സ്-ജില്ലാ തലങ്ങളിലും നടന്ന മദ്‌റസാ സർഗവസന്തങ്ങളിൽനിന്ന് ഉന്നതവിജയം നേടിയ 1300 കലാപ്രതിഭകളാണ് സംസ്ഥാന സർഗവസന്തത്തിൽ മാറ്റുരച്ചത്. വിദ്യാർഥികളിലെ സർഗശേഷി വളർത്തിയെടുക്കുക, രാഷ്ട്രത്തിനും സമൂഹത്തിനും കുടുംബത്തിനും ഉപകാരപ്പെടുംവിധം നന്മയുടെ പ്രചാരണത്തിന് പ്രാപ്തമാക്കുക തുടങ്ങിയവയാണ് ഇത്തരം പരിപാടികൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. മലയാളം, അറബി, ഇംഗ്ലീഷ് ഭാഷകളിൽ 15 വേദികളിലായാണ് മത്സരം നടന്നത്. സർഗവസന്തത്തിന്റെ ആദ്യദിനം വൈകുന്നേരം സർഗസന്ധ്യയും സാംസ്കാരിക സദസ്സും സംഘടിപ്പിച്ചു. സാഹിത്യകാരൻ പി.സുരേന്ദ്രൻ, മാപ്പിളപ്പാട്ട് ഗവേഷകൻ ഫൈസൽ എളേറ്റിൽ എന്നിവർ സംബന്ധിച്ചു.

സമാപന സമ്മേളനം ഡോ.കെ.ടി ജലീൽ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ ജില്ലകൾക്കുള്ള ട്രോഫി അദ്ദേഹം വിതരണം ചെയ്തു. വിസ്ഡം വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് ഷൗക്കത്തലി അൻസാരി, ദാറുൽ ക്വുർആൻ ഡയറക്ടർ നൂറുൽ അമീൻ ആലത്തിയൂർ, നാസിർ ബാലുശ്ശേരി, ഹുസൈൻ ടി കാവനൂർ, അംജദ് മദനി പ്രസംഗിച്ചു. ഡോ.ശിയാസ് സ്വലാഹി, യാസിർ സ്വലാഹി, ഇർഫാൻ സ്വലാഹി, നൂറുദ്ദീൻ താനാളൂർ, പരീത് തിരൂർ, അബ്ദുറസാഖ് ചേന്നര, അബ്ദുറഹ്മാൻ അൻസാരി നേതൃത്വം നൽകി.

# വയനാട് ജില്ല ഫാമിലി കോൺഫറൻസ് സമാപിച്ചു

വയനാട്: കുടുംബ വ്യവസ്ഥയെ തകർക്കാനുള്ള ഒളിയജണ്ടകൾക്കെതിരെ പൊതുസമൂഹം ജാഗ്രത പാലിക്കണമെന്ന് വിസ്ഡംഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റി 'വിശ്വാസ വിശുദ്ധി, സംതൃപ്ത കുടുംബം' എന്ന പ്രമേയത്തിൽ വടുവൻചാൽ സലഫി നഗറിൽ സംഘടിപ്പിച്ച ജില്ലാ ഫാമിലി കോൺഫറൻസ് ആവശ്യപ്പെട്ടു.

സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ലാ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അധ്യക്ഷത വഹിച്ചു. സുരേഷ് താളൂർ(സി.പി.എം), പി.പി. അയ്യൂബ് (മുസ്‌ലിം ലീഗ്) എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്ത് സംസാരിച്ചു. 'സംതൃപ്ത കുടുംബം സാധ്യമാണ്' എന്ന വിഷയത്തിൽ വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫും 'കുടുംബം, കാഴ്ചയും കാഴ്ചപ്പാടും' എന്ന വിഷയത്തിൽ പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ. ഹാരിസ് ബിൻ സലീമും 'വിശ്വാസ വിശുദ്ധി സംതൃപ്ത കുടുംബം' എന്ന വിഷയത്തിൽ ഹുസൈൻ സലഫിയും പ്രഭാഷണം നടത്തി.

വിസ്ഡം ജില്ലാ സെക്രട്ടറി അബ്ദുറഹ്മാൻ മീനങ്ങാടി, വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് ഷഹീർ ഖാൻ സ്വലാഹി, വിസ്ഡം സ്റ്റുഡൻസ് പ്രസിഡന്റ് മഷ്ഹൂദ് എന്നിവർ പ്രസംഗിച്ചു. ഓൺലൈനിലൂടെയും ആയിരങ്ങൾ സമ്മേളനം തൽസമയം വീക്ഷിച്ചു. സമ്മേളനത്തിന്റെ ഭാഗമായി പുസ്തകമേളയും സംഘടിപ്പിച്ചു.



# ജീവിതാസക്തിയുടെ പുതിയകാല സ്വഭാവം

മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനമാണ് സ്നേഹം. മൃഗങ്ങളിലും സ്നേഹവും വികാരവും കാണപ്പെടുന്നുണ്ടെങ്കിലും മനുഷ്യനിൽ പ്രകടമാകുന്ന സ്നേഹം മൃഗങ്ങളിൽനിന്ന് വ്യത്യസ്തമാണ്. മനുഷ്യൻ പ്രകടിപ്പിക്കുന്ന സ്നേഹം കേവലം ആഹ്ലാദാനുഭൂതി മാത്രമല്ല, അതിന് ആത്മീയമായ ഒരു വശംകൂടിയുണ്ട്. സ്നേഹം വ്യക്തിത്വത്തിന്റെ നൈസർഗിക ഗുണമാണ്. ശിശുവും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തിൽ സ്നേഹത്തിന്റെ ഉദാത്ത മാതൃക കാണാം.

സ്നേഹത്തിന് ദാരിദ്ര്യമനുഭവപ്പെടുന്ന കാലത്താണ് നാം ജീവിക്കുന്നത്. സ്നേഹം എങ്ങനെ പ്രകടിപ്പി ക്കാം എന്ന് പലർക്കുമറിയില്ല. സ്നേഹം ഒരു വ്യക്തിയിൽനിന്ന് മറ്റൊരു വ്യക്തിയിലേക്ക് സംക്രമിക്കുന്ന ഒരു സജീവ പ്രക്രിയയാണ്. സ്നേഹത്തിത്തിലൂടെ കൈവരുന്ന കൂടിച്ചേരലിൽനിന്ന് പരസ്പരം അറിയാൻ കഴിയുന്നു. ഈ അറിവ് സ്വയം അറിയാൻ സഹായിക്കുന്നു. സ്നേഹം മനുഷ്യനെ ഒറ്റപ്പെടലിൽനിന്ന് രക്ഷിക്കുകയും വ്യക്തിയുടെയും സമൂഹത്തിന്റെയും നിലനിൽപ്പിന്റെ നിദാനമായിത്തീരുകയും ചെയ്യുന്നു.

മനുഷ്യനെയും മനുഷ്യനെയും കൂട്ടിയിണക്കുന്ന ഘടകങ്ങളിൽ വികാരാധിഷ്ഠിതമായ പാരസ്പര്യവും ബന്ധവും വിനിമയവും പ്രധാനപ്പെട്ടവയാണ്. എന്നാൽ ശാസ്ത്രവികാസത്തിന്റെ മറവിൽ സംഭവിച്ചത് വികാരങ്ങളുടെ തിരസ്കാരമായിരുന്നു. വികാരങ്ങൾ മനുഷ്യബലഹീനതയുടെ ഘടകങ്ങളായി വിലയിരുത്തപ്പെട്ടു. ശാസ്ത്രം ആവിഷ്കരിച്ച വസ്തുകേന്ദ്രീകൃതമായ ജീവിതബോധം മനുഷ്യബന്ധങ്ങളെ ലാഭേഛയോടെ വീക്ഷിക്കുന്ന ഉപഭോഗ സമീപനമായി വളർന്ന് പന്തലിച്ച് നിൽക്കുകയാണിന്ന്. വ്യക്തി-സമൂഹ ബന്ധങ്ങൾ, അവയെ നിർണയിക്കുന്ന മൂല്യ-ആദർശ മണ്ഡലങ്ങൾ എന്നിവ തിരസ് കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് സംഭവിച്ചത് ശാസ്ത്രത്തിന്റെ മറവിൽ കടന്നുവന്ന അമാനവിക ജീവിതവീക്ഷണങ്ങളുടെ ഫലമായിട്ടാണ്.

ആധുനിക മനുഷ്യൻ ജീവിതത്തെക്കുറിച്ച് പുലർത്തുന്ന പ്രത്യാശകൾ ദുർബലമാണ്. ആസക്തിയും സ്വാർഥതയും ലാഭേഛകളും കൂടിക്കുഴഞ്ഞ് കിടക്കുന്ന ഒരു മൃഗിയ തൃഷ്ണയിൽനിന്ന് ഉത്ഭവിക്കുന്ന ജീവിതമോഹം മാത്രമാണ് ആധുനിക മനുഷ്യന്റെ കൈമുതൽ. ഇതാകട്ടെ, അതിജീവനത്തിന്റെ പ്രത്യാശയല്ല; വിഭ്രാന്തിയുടെ മന്ദതയാണ് ഉൽപാദിപ്പിക്കുന്നത്. വളരെ വേഗം കെട്ടടങ്ങുകയും നാശത്തിന്റെ ഗർത്തങ്ങളിലേക്ക് ആഴ്ന്ന് പോവുകയും ചെയ്യുന്ന ദൗർബല്യമാണ് ജീവിതാസക്തിയുടെ പുതിയ കാല സ്വഭാവം.

അനന്തതയെക്കുറിച്ചുള്ള ദുരൂഹതകളും അവ്യക്തതകളെക്കുറിച്ചുള്ള ആശങ്കകളുമാണ് പ്രപഞ്ചത്തിന്റെ കാര്യത്തിൽ ആധുനിക ശാസ്ത്രം മനുഷ്യജീവിതത്തിന് നൽകിയിരിക്കുന്നത്. ഈ അനന്തതയും ദുരൂഹതയുമെല്ലാം ദൈവവിശ്വാസിയല്ലാത്ത മനുഷ്യനെ നയിക്കുക അവ്യക്തതകളും തിരിച്ചറിയായ്മകളും അനിയന്ത്രിതാവസ്ഥകളും നിറഞ്ഞ മാനസിക-ചിന്താമണ്ഡലത്തിലേക്കാണ്. ദൈവവിശ്വാസിയെ സംബന്ധിച്ച് അവനു മുന്നിൽ എല്ലാ ദുരൂഹതകളുടെയും അവസാനവാക്കായി ദൈവം എന്ന ഒരു ശക്തിയുണ്ട്.

ശാസ്ത്രം മനുഷ്യജീവിതത്തിൽ ചെലുത്തിയ ഗുണപരമായ സ്വാധീനങ്ങൾക്കെല്ലാം മറുവശമെന്ന വിധത്തിൽ അപമാനവീകരണത്തിന്റേതായ നിരവധി ദുഷ്പ്രവണതകളും ഉണ്ടാക്കിയിട്ടുണ്ട്. മനുഷ്യ ജീവിതത്തിന്റെ ഉപാധിയായി ശാസ്ത്രത്തെ കാണാതെ ശാസ്ത്രത്തിന്റെ ഉപാധിയായി മനുഷ്യനെയും അവന്റെ ജീവിതത്തെയും കാണുന്ന തലതിരിഞ്ഞ വീക്ഷണമാണ് ഇതിന്റെയെല്ലാം അടിസ്ഥാനം. ദൈവത്തിന് പകരമായി ശാസ്ത്രത്തെ പ്രതിഷ്ഠിക്കുകയും ദൈവത്തെ തുരത്താനുള്ള ഉപകരണമായി ശാസ്ത്രത്തെ സങ്കൽപിക്കുകയും ചെയ്ത അതിഭൗതിക ദർശനങ്ങൾക്കും ജീവിത വീക്ഷണങ്ങൾക്കും തെറ്റുപറ്റിയിരിക്കുന്നു. മനുഷ്യരാശിയുടെ രക്ഷ, ദൈവിക മാർഗദർശനങ്ങളിലും വേദസത്യങ്ങളിലും മാത്രമാണ്. ശാസ്ത്രം മനുഷ്യനെക്കാൾ വലുതല്ല; പക്ഷേ, മനുഷ്യൻ എക്കാലത്തും ശാസ്ത്രത്തെക്കാൾ വലുതാണ് എന്ന പാഠം വിസ്മരിക്കാവതല്ല. മനുഷ്യന്റെ വലുപ്പത്തിന് കാരണം അവൻ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നതാണ്. ശാസ്ത്രത്തിന് മനുഷ്യസൃഷ്ടിയിൽ പങ്കില്ല.

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
9447 701 741

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 46

# ആത്മീയതയുടെ മറവിൽ ധനസമാഹരണം

**അനുയായികളിൽനിന്ന് പണം പിടുങ്ങാൻ പല തന്ത്രങ്ങളും അദ്ദേഹം പയറ്റിയിരുന്നു. ആത്മീയതയുടെ മറവിൽ എങ്ങനെ നന്നായി കാശുണ്ടാക്കാമെന്നു മനസ്സിലാക്കാൻ മിർസയുടെ ചരിത്രം പഠിച്ചാൽ മതി. ആരെങ്കിലും പണം അയച്ചാൽ, ഇക്കാര്യം നേരത്തെതന്നെ അല്ലാഹു അറിയിച്ചിട്ടുണ്ടെന്നും ഈ ധനത്യാഗം അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്നതിന് തെളിവാണെന്നും പറയുമായിരുന്നു അദ്ദേഹം.**



ഖാദിയാനി പ്രവാചകൻ തന്റെ രണ്ടാമത്തെ 'വഹ്‌യ്' തന്നെ വിറ്റു കാശാക്കിയ കാര്യം നേരത്തെ പറഞ്ഞുവല്ലോ. അനുയായികളിൽനിന്ന് പണം പിടുങ്ങാൻ പല തന്ത്രങ്ങളും അദ്ദേഹം പയറ്റിയിരുന്നു. അതുമായി ബന്ധപ്പെട്ട തെളിവുകളാണ് ഇനി പറയാൻ പോകുന്നത്. ആത്മീയതയുടെ മറവിൽ എങ്ങനെ നന്നായി കാശുണ്ടാക്കാമെന്നു മനസ്സിലാക്കാൻ മിർസയുടെ ചരിത്രം പഠിച്ചാൽ മതി. ആരെങ്കിലും പണം അയച്ചാൽ, ഇക്കാര്യം നേരത്തെ തന്നെ അല്ലാഹു അറിയിച്ചിട്ടുണ്ടെന്നും ഈ ധനത്യാഗം അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്നതിന് തെളിവാണെന്നും പറയുമായിരുന്നു അദ്ദേഹം.

"മാജ്ജേഖാന്റെ മകനെയും ശംസുദ്ദീൻ ഭണ്ഡാരിയെയും

ലാഹോർ ജില്ലയിലേക്ക് അയക്കുകയാണ്. ഒപ്പംതന്നെ ഒരു ജാഗ്രദ് ദർശനത്തിൽ നാൽപത്തിനാലോ നാൽപത്തിയഞ്ചോ രൂപ കാണുകയും ചെയ്തു. പിന്നീട് ഒരു കാർഡ് കിട്ടി. അതിൽ മാജ്ജേഖാന്റെ മകൻ 40 രൂപയും ശംസുദ്ദീൻ വക നാലോ ആറോ രൂപയും അയക്കുന്നു എന്ന് എഴുതിയിരുന്നു. അത് പുലർന്നുകൊണ്ട് പണം വരികയും ചെയ്തു" (പേജ് 41).

സംഖ്യയും അയച്ച ആളുടെ വിവരവും അറിയാത്ത മണിയോർഡർ വഹ്‌യുകളും ദർശനങ്ങളും മിർസയുടെ കാര്യത്തിൽ പുതുമയുള്ളതല്ല! ശംസുദ്ദീൻ ഭണ്ഡാരി വക നാല് രൂപയാണോ ആറ് രൂപയാണോ എന്ന് വ്യക്തതയില്ലാത്ത 'വഹ്‌യാ'ണിത്. ഇതിലെ പ്രവചനം പുലർന്നു എന്നും പറയുന്നു. കൈയിൽ കിട്ടിയപ്പോഴെങ്കിലും ഒന്ന് എണ്ണി നോക്കാമായിരുന്നു. ഇതൊക്കെ എഴുതിവച്ചത് താൻ പ്രവാചകനാണെന്നതിനുള്ള തെളിവുകളാണെന്ന് മറന്നുപോകരുത്. ഖാദിയാനി പ്രവാചകന്റെയൊരു ദുർഗതി എന്നല്ലാതെ എന്തു പറയാൻ!

## അദൃശ്യജ്ഞാനം

"1883 ഏപ്രിൽ മാസത്തിൽ, ഒരുദിവസം രാവിലെ ഉണർന്നപ്പോൾ കിട്ടിയ വിവരം ഝലം എന്ന സ്ഥലത്തുനിന്ന് ആരോ കാശയച്ചിട്ടുണ്ട് എന്നായിരുന്നു. എന്നാൽ അവിടെനിന്ന് കത്തൊന്നും വന്നിരുന്നില്ല. അഞ്ചു ദിവസം കഴിഞ്ഞപ്പോൾ മണിയോർഡറായി 45 രൂപ വന്നു. ഞാൻ കണക്ക് കൂട്ടിയപ്പോൾ അദൃശ്യജ്ഞാനി വിവരം അറിയിച്ച ദിവസം തന്നെയാണ് എംഒ ചെയ്തത് എന്ന് അറിയാൻ കഴിഞ്ഞു" (പേജ് 61).

"1883 സെപ്തംബർ ആറിന് വളരെ അത്യാവശ്യമുള്ള സമയത്ത് എന്നെ സമാധാനിപ്പിക്കുന്ന ഒരു വഹ്‌യ് സുവാർത്തയായി വന്നു: '21 രൂപ വരുന്നുണ്ട്.' ഇതിൽ ഏറ്റവും അത്ഭുതമുള്ള കാര്യം വരുന്ന സംഖ്യ പറഞ്ഞു എന്നതാണ്. പ്രത്യേക എണ്ണം വെളിപ്പെടുത്തുക എന്നത് അദൃശ്യജ്ഞാനിക്ക് അല്ലാതെ മറ്റാർക്കും സാധ്യമല്ലല്ലോ. മറ്റൊരു അതിശയം എന്തെന്നാൽ പുസ്തകത്തിന്റെ നിശ്ചിത വിലയുമായി ആ സംഖ്യക്ക് ഒരു ബന്ധവുമില്ല എന്നതാണ്. ഈ കാരണങ്ങളാൽ ഞാൻ കാര്യം നേരത്തെ തന്നെ ചില ആര്യന്മാരോട് പറഞ്ഞു. സെപ്തംബർ പത്തിന് മൂന്നാമതും ഒരു താക്കീത് എന്ന പോലെ ഇൽഹാം വന്നു; 'ഇരുപതും ഒന്നും രൂപ വന്നിരിക്കുന്നു' എന്ന്. മൂന്നു മിനുട്ട് കഴിഞ്ഞുകാണും; വസീർ സിംഗ് എന്ന ഒരു രോഗി എന്റെ അടുത്തു വന്നു, ഉടനെ ഒരു രൂപ കൈയിൽ തന്നു. ചികിത്സ എന്റെ തൊഴിലൊന്നുമല്ല. ആരെങ്കിലും വന്നാൽ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു മരുന്നു കൊടുക്കും. എന്നാൽ ആ ഒരു രൂപ ഞാൻ വാങ്ങിവച്ചു. കാരണം ഇത് പ്രവചനത്തിന്റെ ഒരു



ഭാഗമാണെങ്കിലോ എന്ന ചിന്തയുണ്ടായി. പിന്നെ പോസ്റ്റ് ഓഫീസിലേക്ക് ആളെ അയച്ചു. ഹിന്ദുവായ പോസ്റ്റൽ ക്ലർക്ക് പറഞ്ഞു: 'ഡേറാ ഗാസിഖാനിൽനിന്ന് ആകെ അഞ്ചു രൂപയുടെ എംഒ ആണ് വന്നത്. ഇനിയും വന്നാൽ തരാം.' ഞാൻ ആകെ പരിഭ്രമത്തിലായി. അപ്പോൾ ആറ് രൂപയായി. ഞാൻ വിഷമിച്ചു താടിക്ക് കൈയും കൊടുത്ത് ഇരിപ്പായി. അപ്പോഴും ശക്തമായ വഹ്‌യ് അവതരിച്ചു: 'സംശയമില്ല, ഇരുപതും ഒന്നും വന്നിട്ടുണ്ട്.' ഉച്ചയ്ക്ക് ശേഷം ആ ഹിന്ദു വന്ന് പറയുകയാണ്; 'അഞ്ചല്ല, ഇരുപത് രൂപയുണ്ട്. ലാഹോറിൽനിന്ന് ഇലാഹീ ബക്ഷ് അക്കൗണ്ടന്റ് അയച്ചതാണ്. നേരത്തെ അറിയാതെ പറഞ്ഞതായിരുന്നു" (പേജ് 115).

"1984 ജനുവരി 3നാണ് അടുത്ത 'മണിയാർഡർ വഹ്‌യ്' വരുന്നത്. അമ്പത് രൂപയുടെ അടിയന്തര ആവശ്യം നേരിട്ടപ്പോൾ പ്രാർഥിച്ചു. അപ്പോൾ 'നിന്റെ പ്രാർഥന എത്ര ഭംഗിയായി സ്വീകരിക്കാനാവുമോ അത്രയും നന്നായി ഞാൻ സ്വീകരിച്ചിരിക്കുന്നു' എന്നു വഹ്‌യ് വന്നു. ജനുവരി ആറിന് താങ്കളുടെ പണം ലഭിച്ചു."

മീർ അബ്ബാസ് അലി ഷാ ലുധിയാനവിക്കെഴുതിയ കത്തിലാണ് ഈ സംഭവവിവരണം (പേജ് 123). യാദൃച്ഛികമാവാം, ഖാദിയാനി പ്രവാചകന്റെ ഉത്തമ അനുയായികളും പിന്നീട് കൊടിയ ശത്രുക്കളുമായ അബ്ബാസ് അലി ഷായും ഇലാഹി ബക്ഷുമാണ് അന്നത്തെ ഭീമമായ സംഖ്യ 'ബറാഹീനെ അഹ്‌മദിയ്യ'യുടെ പ്രസിദ്ധീകരണത്തിനായി സംഭാവന ചെയ്തത്. ഇംഗ്ലീഷ് വഹ്‌യുകളുടെ അർഥം തേടിയുള്ള കത്ത് ലഭിച്ചപ്പോഴാണ് അബ്ബാസ് അലിഷാ പ്രവാചകനോട് റ്റാറ്റാ പറഞ്ഞത്. പ്രസ്തുത കൃതിയിൽ വാഗ്ദാനത്തിന് വിരുദ്ധമായി സ്വന്തം വഹ്‌യുകളുടെ അനസ്യൂതപ്രവാഹം കണ്ടാണ് ഇലാഹി ബക്ഷ് ഖാദിയാനിസം വിട്ടതും മിർസ ഖാദിയാനിക്കെതിരെ പുസ്തകം രചിച്ചതും. ഇപ്പോഴത്തെ വിശ്വാസികൾക്ക് പക്ഷേ, അങ്ങനെ ചിന്തിക്കാനുള്ള വിവേകമോ വിശ്വാസമോ ഇല്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

### പ്രാർഥിക്കുന്നു, പണം വരുന്നു!

"സാധുക്കൾക്കും അല്ലാഹുവിൽ സ്വയം സമർപ്പിച്ചവർക്കും ഉണ്ടാകാറുള്ളപോലെ ഒരിക്കൽ 50 രൂപയുടെ അത്യാവശ്യം നേരിട്ടു. രാവിലെ നടക്കാനിറങ്ങിയപ്പോൾ ഖാദിയാനിൽനിന്ന് ബട്ടാലയിലേക്കുള്ള വഴിയിൽ നദിക്കരയിലെ കാട്ടിൽ ആരും കാണാത്ത ഏകാന്തതയിൽ പ്രാർഥിക്കാൻ ഇരുന്നു. ദുആക്കൊപ്പമെന്നോണം ഇൽഹാം അവതരിച്ചു. അതിന്റെ തർജമ ഇതാണ്: 'ഞാൻ നിന്റെ പ്രാർഥനകൾ എത്ര വേഗത്തിലാണ് സ്വീകരിക്കുന്നതെന്ന് നോക്കുക!' സന്തോഷത്തോടെ ഖാദിയാനിൽ വന്നു. അങ്ങാടിയിലേക്ക് പോയി, പോസ്റ്റ് ഓഫീസിൽ അന്വേഷിക്കാമല്ലോ.



മുഹമ്മദ് നബി(സ്വ) പറഞ്ഞിട്ടുണ്ട്: "ഞങ്ങൾ പ്രവാചകന്മാർ ആരുടെയും അനന്തരാവകാശം എടുക്കുകയില്ല. ആർക്കും അനന്തരാവകാശം കൊടുക്കുകയുമില്ല." മുഹമ്മദ് നബിക്ക് പിതാവിന്റെയോ മാതാവിന്റെയോ അനന്തരാവകാശം ലഭിച്ചിരുന്നില്ലെന്നതിനും മരണശേഷം മക്കൾക്ക് കൊടുക്കാൻ യാതൊന്നും ഉണ്ടായിരുന്നില്ലെന്നതിനും ചരിത്രം സാക്ഷ്യം വഹിക്കുന്നു. മിർസക്കാകട്ടെ പിതാവിന്റെ സ്വത്തിന് പുറമെയാണ് അകന്ന കുടുംബത്തിലെ സ്ത്രീയുടെ സ്വത്തുകൂടി ലഭിക്കുന്നത്!

അവിടെനിന്ന് ഒരു കത്ത് ലഭിച്ചു. അതിൽ എഴുതിയിരിക്കുന്നു: 'ലുധിയാനയിൽനിന്ന് 50 രൂപ അയച്ചിട്ടുണ്ട്.' അന്നോ അടുത്ത ദിവസമോ അത് കൈപ്പറ്റുകയും ചെയ്തു" (പേജ് 123).

50 രൂപയെപ്പറ്റി വന്ന ആദ്യ 'പേർഷ്യൻ വഹ്‌യിന്റെ' ഉർദു തർജമയാണ് രണ്ടാമത്തെത്. ആദ്യത്തെത് ലുധിയാനവിയുടെ കത്തിൽനിന്ന് എടുത്തതാണെങ്കിൽ രണ്ടാമത്തേത് ലുധിയാനയിൽനിന്നാണ് പണം വന്നത്. 'തദ്കിറ'യിൽ അടുത്തടുത്ത നമ്പറുകളിലായിട്ടാണ് ഇത് രണ്ടും വിവരിക്കുന്നത്. ഏതായാലും പണത്തിന്റെ ആവശ്യം നേരിടുന്നു, പ്രാർഥിക്കുന്നു, പറഞ്ഞപോലെ സ്വീകരിക്കപ്പെടുന്നു, വഹ്‌യ് വരുന്നു, എംഒ ആയോ മറ്റു വിധത്തിലോ പണം കൈപ്പറ്റുന്നു. കൗതുകകരമാണ് ഈ നൈരന്തര്യം. മുഹമ്മദ് നബി(സ്വ)യും അദ്ദേഹത്തിനു മുമ്പ് വന്ന പ്രവാചകന്മാരിൽ പലരും നിത്യജീവിത ചെലവിനുവരെ പ്രയാസപ്പെട്ടിരുന്നു. നബി(സ്വ)ക്ക് സമ്പന്നതയെ ഭയമായിരുന്നു.

### ഫിഫ്റ്റി ഫിഫ്റ്റി

"1887ൽ ഒരു ദിവസം ലുധിയാനയിലേക്കുള്ള തീവണ്ടിയാത്രയിൽ 'പകുതി നിനക്കും പകുതി പങ്കുകാർക്കും' എന്ന വഹ്‌യ് വന്നു. ഒപ്പം തന്നെ വിശദീകരണവും ഇട്ടു തന്നു: 'നമ്മുടെ പിതൃവ്യന്റെ ബന്ധത്തിൽപ്പെട്ട ഇമാം ബീബി മരിക്കും. അവരുടെ സ്വത്തിൽ പകുതി എനിക്കും പകുതി മറ്റ് അവകാശികൾക്കുമാണ്.' ഞാൻ ആ വിവരം കൂടെയുള്ളവരെ അറിയിച്ചു. അവർ മരിച്ചപ്പോൾ അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു" (പേജ് 153-154).

വളരെ എളുപ്പത്തിൽ കിട്ടിയത് പോലെയാണ് പറയുന്നത്, 'വഹ്‌യ് വന്നു, ഇമാം ബീബി മരിച്ചു, സ്വത്ത് കിട്ടി!' ഇതിനിടെ നടന്ന പ്രമാദമായ ഒരുപാട് സംഭവങ്ങൾ ഉണ്ട്. ഇമാം ബീബിയെ വിവാഹം ചെയ്തിരുന്ന, മിർസയുടെ സഹോദരപുത്രൻ ഗുലാം ഹുസൈൻ നാട് വിട്ടുപോവുകയും 25 വർഷങ്ങളായി യാതൊരു വിവരവും ഇല്ലാതാവുകയും ചെയ്തിരുന്നു. കുട്ടികൾ ഇല്ലാത്തതിനാൽ സഹോദരൻ എന്ന നിലയ്ക്ക് അവകാശവുമായി ബന്ധപ്പെട്ട് ഒപ്പിടുവിക്കാൻ വേണ്ടി വന്നപ്പോഴാണ്, അഹ്മദ് ബേഗിനോട് മകൾ മുഹമ്മദീ ബീഗത്തെ തനിക്ക് വിവാഹം ചെയ്തു തന്നാൽ മാത്രമെ ഒപ്പിട്ട് തരികയുള്ളൂ എന്ന് ശഠിച്ചതും ശേഷം സംഭവബഹുലമായ 'ആകാശവിവാഹക്കഥ'യുടെ ചുരുൾ നിവരുന്നതും.

ഈ വ്യാജ വഹ്‌യ് സ്വന്തം പ്രവാചകത്വത്തിനുള്ള തെളിവായി സമർപ്പിച്ചതാണെങ്കിലും മിർസാ ഗുലാം പ്രവാചകനല്ല എന്നാണ് ഇത് തെളിയിക്കുന്നത്. മുഹമ്മദ് നബി(സ്വ) പറഞ്ഞിട്ടുണ്ട്: "ഞങ്ങൾ പ്രവാചകന്മാർ ആരുടെയും അനന്തരാവകാശം എടുക്കുകയില്ല. ആർക്കും അനന്തരാവകാശം കൊടുക്കുകയുമില്ല." മുഹമ്മദ് നബിക്ക് പിതാവിന്റെയോ മാതാവിന്റെയോ അനന്തരാവകാശം ലഭിച്ചിരുന്നില്ലെന്നതിനും മരണശേഷം മക്കൾക്ക് കൊടുക്കാൻ യാതൊന്നും ഉണ്ടായിരുന്നില്ലെന്നതിനും ചരിത്രം സാക്ഷ്യം വഹിക്കുന്നു. മിർസക്കാകട്ടെ പിതാവിന്റെ സ്വത്തിന് പുറമെയാണ് മേൽപ്പറഞ്ഞ അകന്ന കുടുംബത്തിലെ സ്ത്രീയുടെ സ്വത്തുകൂടി ലഭിക്കുന്നത്! ■

മെഹബൂബ് മദനി, ഒറ്റപ്പാലം
: 77363 98840

# 'യുവത്വം' ഒരു ഇസ്‌ലാമിക വായന

മനുഷ്യായുസ്സിലെ ഏറ്റവും ഊർജസ്വലമായ കാലമാണ് യുവത്വം. ഇരു ദുർബലതകൾക്കിടയിലെ ശക്തമായ ഘട്ടമായാണ് യുവത്വത്തെ മതം പരിചയപ്പെടുത്തുന്നത്. സംഹാരശേഷിയുള്ള യുവത്വത്തെ എങ്ങനെ സമൂഹ നിർമിതിക്ക് വേണ്ടി ക്രിയാത്മകമായി ഉപയോഗപ്പെടുത്താമെന്ന ചിന്തയിലൂടെ മാത്രമെ ഭാസുരമായ ഭാവി കെട്ടിപ്പടുക്കാനാവൂ.

മനുഷ്യജീവിതത്തെ ഒരു പുഷ്പത്തോടുപമിച്ചാൽ അതിന്റെ വിടർന്നുനിൽക്കുന്ന ഏറ്റവും സൗന്ദര്യമുള്ള, പരിമളം പരത്തുന്ന സമയമാണ് യുവത്വം. ജീവിതയാത്രയിൽ താണ്ടിക്കടക്കുന്ന ശൈശവവും ബാല്യവും കൗമാരവുമെല്ലാം പലവിധ പരിമിതികളുമടങ്ങിയതാണ്.കരിഞ്ഞുണങ്ങി മറിഞ്ഞു വീഴാനൊരുങ്ങുന്ന വൃക്ഷത്തോടുപമിക്കാവുന്ന വാർധക്യത്തിന്റെ അവസ്ഥയും വ്യത്യസ്തമല്ല. എന്നാൽ അതിന്നിടയിൽ കത്തിജ്വലിക്കുന്ന ഒരു വിളക്കിനെപ്പോലെ യുവത്വം ശാരീരികവും മാനസികവുമായ വളർച്ചയുടെയും പക്വതയുടെയും ഉത്തുംഗതയിലെത്തുന്നു.

ചടുലയൗവനത്തെ നന്മയിലൂന്നി നിർവചിക്കാൻ ഒരു കവിവചനം നമുക്കിപ്രകാരം വായിക്കാം:



“സിരകളിൽ നിറയും
രുധിരവർണം പോൽ
അത്രമേൽ ചടുല ചാരുതമാം
യൗവന നാളുകൾ.
ധീരരായ്, അജയ്യരായി
മുന്നേറുക ദീപനാളമായി.
നാടിൻ നന്മയ്ക്കായി
നിത്യവും നിലകൊള്ളുക.
സത്യത്തിൻ
സതീർഥ്യരായി,
ധർമത്തിൻ പോരാളിയായി
വിളങ്ങുകീയുലകിൽ.
യൗവന തീക്ഷ്ണത
മനസ്സിൽ സ്വരൂപിച്ചു
മാനവരാശിക്കായി
നിരന്തരം വർത്തിക്കുക.
ഊർജസ്സ്വലരാം
യുവാക്കൾതൻ
കരങ്ങളിൽ ഭദ്രമാകുമീ
നാടിന്റെ ഭാവി.
പ്രതീക്ഷതൻ പ്രതിരൂപമായി,
പ്രത്യാശാകിരണമായി,
അനശ്വര സ്നേഹത്തിൻ
പ്രതിബിംബമായി
ലോകത്തിൻ മുകുര-
മാകുക യൗവനകാലമേ.
വികാരങ്ങളെ വിവേകമാക്കി
വിവേകരാവുക,
വഴികളിൽ വഴിവിളക്കാകുക
വീരയൗവന സൗഹൃദങ്ങളേ.”

## യുവത്വം ക്വുർആനിൽ

മനുഷ്യായുസ്സിലെ രണ്ടു ദുർബല കാലഘട്ടങ്ങൾക്കിടയിലെ കരുത്തിന്റെ കാലമായ യുവത്വത്തെ കാരുണ്യവാനായ പ്രപഞ്ചസ്രഷ്ടാവ് വിവരിക്കുന്നത് ഇപ്രകാരമാണ്: “നിങ്ങളെ ബലഹീനതയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനത്രെ അല്ലാഹു. പിന്നീട് ബലഹീനതക്കുശേഷം അവൻ നിങ്ങൾക്ക് ശക്തിയുണ്ടാക്കി. പിന്നെ ശക്തിക്ക് ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. സർവജ്ഞനും സർവശക്തനുമായുള്ളവൻ അവൻതന്നെ” (ക്വുർആൻ 30:54).

ഒന്നുമില്ലായ്മയിൽനിന്നും സൃഷ്ടിച്ചുണ്ടാക്കി മനുഷ്യരെ വ്യത്യസ്തത ജീവിതഘട്ടങ്ങളിലൂടെ നയിക്കുന്നത് അതിമഹത്തരമായ ദൈവിക ദൃഷ്ടാന്തമാണ്.

“നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നെ നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ ശകതി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിൽ ഉണ്ട്. അറിവുണ്ടായിരുന്നതിനുശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മട

ക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്'' (22:5).

“വല്ലവന്നും നാം ദീർഘായുസ്സ് നൽകുന്നുവെങ്കിൽ അവന്റെ പ്രകൃതി നാം തലതിരിച്ചു കൊണ്ടുവരുന്നു എന്നിരിക്കെ അവർ ചിന്തിക്കുന്നില്ലേ?'' (36:68).

ശരീരത്തെ സംവിധാനിച്ച രക്ഷിതാവ് പറഞ്ഞതുപോലെ യുവത്വം പിന്നിടുന്നതോടെ വലിയ രൂപത്തിലുള്ള മാറ്റങ്ങൾ മനുഷ്യശരീരത്തിൽ പ്രകടമാകാൻ തുടങ്ങുന്നു. ജരാനരകൾ ബാധിക്കുന്നതും പേശികൾക്ക് ബലക്കുറവ് അനുഭവപ്പെടുന്നതും പഞ്ചേന്ദ്രിയങ്ങളുടെ ശക്തിക്ക് കുറവ് സംഭവിക്കുന്നതുമെല്ലാം ഇതിന്റെ ഭാഗമായാണ്. സ്ത്രീകളിലെ ആർത്തവ പ്രക്രിയ നിലയ്ക്കുന്നതും പ്രായമാകലിന്റെ പ്രകടന ലക്ഷണമാണ്. ശരീരത്തിലുള്ള വളർച്ചാഹോർമോണുകളുടെ പ്രവർത്തനത്തിലെ വ്യതിയാനങ്ങളും ജനിതകഘടനയിൽ ഉണ്ടാകുന്ന വ്യത്യാസവും കോശങ്ങളിൽ ഉണ്ടാകുന്ന ഊർജോൽപാദനത്തിന്റെ കുറവുമെല്ലാം ഈ മാറ്റത്തിന് കാരണമാകുന്നു. അതുകൊണ്ട്തന്നെ പരിമിതികളുടെ ഈ കാലം വരുന്നതിനു മുമ്പുള്ള കരുത്താർന്ന യുവത്വത്തെ പരമാവധി ഉപയോഗപ്പെടുത്തണമെന്നാണ് ഇസ്‌ലാം മനുഷ്യരോട് ആവശ്യപ്പെടുന്നത്.

ഒരു മനുഷ്യായുസ്സ് നാൽപതിന്റെ നിറവിലെത്തുന്നതിനെ കാരുണ്യവാനായ അല്ലാഹു പ്രത്യേകം എടുത്ത് പരാമർശിക്കുന്നത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. പൂർണശക്തിയുള്ള ഈ പ്രായത്തിലാണ് കർമോൽസുകതക്ക് ഏറ്റവും ഉണർവുണ്ടാകുക. അല്ലാഹു പറയുന്നു: “തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യരോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടി നിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണ ശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: ‘എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കി തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു'' (46:15).

വിശുദ്ധ ക്വുർആൻ 40:67ലും സൃഷ്ടിപ്പിന്റെ വിവിധ ഘട്ടങ്ങൾ പരാമർശിക്കുന്നിടത്ത് പൂർണ ശക്തിയുടെ കാലഘട്ടത്തെ പരാമർശിക്കുന്നുണ്ട്: “മണ്ണിൽനിന്നും പിന്നെ ബീജകണത്തിൽനിന്നും പിന്നെ ഭ്രൂണത്തിൽനിന്നും നിങ്ങളെ സ്രഷ്ടിച്ചത് അവനാകുന്നു. പിന്നീട് ഒരു ശിശുവായി നിങ്ങളെ പുറത്തുകൊണ്ടുവരുന്നു. പിന്നീട്

> ഒരു മനുഷ്യായുസ്സ് നാൽപതിന്റെ നിറവിലെത്തുന്നതിനെ കാരുണ്യവാനായ അല്ലാഹു പ്രത്യേകം എടുത്ത് പരാമർശിക്കുന്നത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. പൂർണ ശക്തിയുള്ള ഈ പ്രായത്തിലാണ് കർമോൽസുകതക്ക് ഏറ്റവും ഉണർവുണ്ടാകുക. നാൽപതു വയസ്സുവരെയുള്ള പ്രായം വകതിരിവിന്റെയും പക്വതയുടെയും പാരമ്യതയിൽ മനുഷ്യർക്കെത്തിച്ചേരാൻ കഴിയുന്ന ഘട്ടമാണ്.

നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുവാനും പിന്നീട് നിങ്ങൾ വൃദ്ധരായിത്തീരുവാനും വേണ്ടി. നിങ്ങളിൽ ചിലർ മുമ്പേതന്നെ മരണമടയുന്നു. നിർണിതമായ ഒരു അവധിയിൽ നിങ്ങൾ എത്തിച്ചേരുവാനും നിങ്ങൾ ഒരുവേള ചിന്തിക്കുന്നതിനും വേണ്ടി.''

നാൽപതു വയസ്സുവരെയുള്ള പ്രായം വകതിരിവിന്റെയും പക്വതയുടെയും പാരമ്യതയിൽ മനുഷ്യർക്കെത്തിച്ചേരാൻ കഴിയുന്ന ഘട്ടമാണ്. വെള്ളിയാഴ്ച പാരായണം ചെയ്യൽ പ്രത്യേകം പുണ്യമാക്കപ്പെട്ട സൂറത്തുൽ കഹ്ഫിൽ, തന്റെ ഭൃത്യന്റെ കൂടെയുള്ള മൂസാ നബി(അ)യുടെ യാത്ര പരാമർശിക്കുന്നിടത്ത് കൂടെയുണ്ടായിരുന്ന പണ്ഡിതൻ പൊളിഞ്ഞുവീഴാറായ മതിൽ ശരിയാക്കിയ കാര്യത്തിന് വിശദീകരണം നൽകുന്നിടത്ത് യുവത്വത്തെ കുറിച്ച് പരാമർശിക്കുന്നത് കാണാം:

“ആ മതിലാണെങ്കിലോ, അത് ആ പട്ടണത്തി

ലെ അനാഥരായ രണ്ട് ബാലന്മാരുടെതായിരുന്നു. അതിന്നു ചുവട്ടിൽ അവർക്കായുള്ള ഒരു നിധിയുണ്ടായിരുന്നു. അവരുടെ പിതാവ് ഒരു നല്ല മനുഷ്യനായിരുന്നു. അതിനാൽ അവർ ഇരുവരും യൗവനം പ്രാപിക്കുകയും എന്നിട്ടവരുടെ നിധി പുറത്തെടുക്കുകയും ചെയ്യണമെന്ന് താങ്കളുടെ രക്ഷിതാവ് ഉദ്ദേശിച്ചു. താങ്കളുടെ രക്ഷിതാവിന്റെ കാരുണ്യം എന്ന നിലയിലത്രെ അത്. അതൊന്നും എന്റെ അഭിപ്രായപ്രകാരമല്ല ഞാൻ ചെയ്തത്. താങ്കൾക്ക് ഏതു കാര്യത്തിൽ ക്ഷമിക്കാൻ കഴിയാതിരുന്നുവോ അതിന്റെ പൊരുളാകുന്നു അത്" (18:82).

ഖുർആനിൽ പ്രവാചകന്മാരുടെ പ്രബോധന ചരിത്രം പറയുന്നിടത്തും യുവത്വത്തെ കുറിച്ചുള്ള ധാരാളം പ്രസ്താവനകൾ കാണാനാകും. ആദർശപിതാവ് ഇബ്റാഹീം നബി(അ)യെ അവിടുത്തെ പ്രബോധിത സമൂഹം ഒരു യുവാവെന്ന് പരാമർശിച്ച വചനം ഖുർആനിലുണ്ട്: "അവർ പറഞ്ഞു: നമ്മുടെ ദൈവങ്ങളെ കൊണ്ട് ഇത് ചെയ്തവൻ ആരാണ്? തീർച്ചയായും അവൻ അക്രമികളിൽ പെട്ടവൻ തന്നെയാണ്. ചിലർ പറഞ്ഞു: ഇബ്റാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു യുവാവ് ആ ദൈവങ്ങളെപ്പറ്റി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്" (21:59,60).

മനുഷ്യായുസ്സിലെ പൂർണവളർച്ചയെത്തിയ സന്ദർഭത്തിലാണ്



യൂസുഫ് നബി(അ)ക്കും മൂസാ നബി(അ)ക്കുമെല്ലാം അല്ലാഹു പ്രത്യേകമായ അറിവും യുക്തിബോധവും നൽകിയതെന്നും ഖുർആൻ പറയുന്നു: "ഈജിപ്തിൽനിന്ന് അവനെ(യൂസുഫ്) വിലക്കെടുത്ത ആൾ തന്റെ ഭാര്യയോടു പറഞ്ഞു: 'ഇവന് മാന്യമായ താമസസൗകര്യം നൽകുക. അവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ നമുക്കവനെ മകനായി സ്വീകരിക്കാം.' അപ്രകാരം യൂസുഫിന് നാം ആ ഭൂപ്രദേശത്ത് സൗകര്യമുണ്ടാക്കിക്കൊടുത്തു. സ്വപ്നവാർത്തകളുടെ വ്യാഖ്യാനത്തിൽനിന്ന് അദ്ദേഹത്തിന് നാം അറിയിച്ചുകൊടുക്കാൻ വേണ്ടിയും കൂടിയാണത്. അല്ലാഹു തന്റെ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല. അങ്ങനെ അദ്ദേഹം പൂർണവളർച്ചയെത്തിയപ്പോൾ അദ്ദേഹത്തിന് നാം യുക്തിബോധവും അറിവും നൽകി. സുകൃതം ചെയ്യുന്നവർക്ക് അപ്രകാരം നാം പ്രതിഫലം നൽകുന്നു" (12:21,22).

മൂസാനബി(അ)യെക്കുറിച്ച് അല്ലാഹു പറയുന്നു: "അങ്ങനെ അദ്ദേഹം (മൂസാ) ശക്തി പ്രാപിക്കുകയും പക്വതയെത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് നാം വിവേകവും വിജ്ഞാനവും നൽകി. അപ്രകാരമാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്" (28:14).

**ഗുഹാവാസികൾ**

വിശുദ്ധ ഖുർആനിലെ പതിനെട്ടാം അധ്യായത്തിന്റെ പേര് 'അൽകഹ്ഫ്' (ഗുഹ) എന്നാണ്. തൗഹീദിൽ അടിയുറച്ചു നിലകൊണ്ട ഏതാനും യുവാക്കളുടെ ചരിത്രം അല്ലാഹു ഈ അധ്യായത്തിലൂടെ വിവരിക്കുന്നു. ഏകദൈവാരാധനയിൽ ശക്തമായി ഉറച്ചുനിന്ന അവർക്ക് സ്വന്തം നാടും വീടും ത്യജിക്കേണ്ടി വന്നു. ശത്രുക്കളെ ഭയന്ന് അവർ ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. സ്രഷ്ടാവ് അവരെ മൂന്ന് നൂറ്റാണ്ടു കാലം ഉറക്കിക്കിടത്തുകയും അനന്തരം അവരെ എഴുന്നേൽപിക്കുകയും ചെയ്തു. ആദർശധീരരായ ആ യുവാക്കളുടെ ചരിത്രം ഖുർആനിൽ നമുക്ക് ഇപ്രകാരം വായിക്കാം:

"അതല്ല, ഗുഹയുടെയും റഖീമിന്റെയും ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കൂട്ടത്തിൽ ഒരത്ഭുതമായിരുന്നുവെന്നു നീ വിചാരിക്കുകയാണോ? ആ യുവാക്കൾ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭം; അവർ പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ.' അങ്ങനെ കുറെയേറെ വർഷങ്ങൾ ആ ഗുഹയിൽ വെച്ച് നാം അവരുടെ കാതുകൾ അടച്ചു (ഉറക്കിക്കളഞ്ഞു). പിന്നെ അവർ ഗുഹയിൽ താമസിച്ച കാലത്തെപ്പറ്റി കൃത്യമായി അറിയുന്നവർ ഇരു കക്ഷികളിൽ ആരാണെന്ന് അറിയാൻ തക്കവണ്ണം അവരെ നാം എഴുന്നേൽപിച്ചു."

"അവരുടെ വർത്തമാനം നാം നിനക്ക് യഥാർഥ രൂപത്തിൽ വിവരിച്ചുതരാം. തങ്ങളുടെ രാഷിതാവിൽ വിശ്വസിച്ച ഏതാനും യുവാക്കളായിരുന്നു അവർ. അവർക്ക് നാം സന്മാർഗബോധം വർധിപ്പിക്കുകയും ചെയ്തു. 'ഞങ്ങളുടെ

രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവാകുന്നു. അവന്നുപുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നതേയല്ല. എങ്കിൽ (അങ്ങനെ ഞങ്ങൾ ചെയ്യുന്ന പക്ഷം) തീർച്ചയായും ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായിപ്പോകും' എന്ന് അവർ എഴുന്നേറ്റുനിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്ക് നാം കെട്ടുറപ്പ് നൽകുകയും ചെയ്തു. 'ഞങ്ങളുടെ ഈ ജനത അവന്നുപുറമെ പല ദൈവങ്ങളെയും സ്വീകരിച്ചിരിക്കുന്നു. അവരെ (ദൈവങ്ങളെ) സംബന്ധിച്ച് വ്യക്തമായ യാതൊരു പ്രമാണവും ഇവർ കൊണ്ടുവരാത്തത് എന്താണ്?.'

അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്? (അവർ അന്യോന്യം പറഞ്ഞു:) 'അവരെയും അല്ലാഹു ഒഴികെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെയും നിങ്ങൾ വിട്ടൊഴിഞ്ഞ സ്ഥിതിക്ക് നിങ്ങൾ ആ ഗുഹയിൽ അഭയം പ്രാപിച്ചുകൊള്ളുക. നിങ്ങളുടെ രക്ഷിതാവ് അവന്റെ കാരുണ്യത്തിൽനിന്ന് നിങ്ങൾക്ക് വിശാലമായി നൽകുകയും നിങ്ങളുടെ കാര്യത്തിൽ സൗകര്യമേർപ്പെടുത്തിത്തരികയും ചെയ്യുന്നതാണ്" (18:916).

ലോകാവസാനം വരെ നിലനിൽക്കുന്ന ദൈവിക ഗ്രന്ഥത്തിൽ അസ്ഹാബുൽ കഹ്ഫ് ഇടംപിടിച്ചത് അവരുടെ യൗവനത്തെ തൗഹീദിലൂന്നി ചെലവഴിച്ചതുകൊണ്ടാണെന്നതിൽ സംശയമില്ല. കരുത്തിന്റെ കാലഘട്ടത്തെ തൗഹീദിന്നായി ഉപയോഗപ്പെടുത്തുന്നത് കാരുണ്യവാന്റെ ഇഷ്ടം നേടിത്തരുമെന്നത് ഈ ചരിത്രങ്ങളെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

## നിസ്വാർഥ സേവനം

യുവത്വത്തെ നിസ്വാർഥമായ സേവനത്തിനുപയോഗിച്ചാൽ പലവഴിക്കും റബ്ബ് സഹായിക്കുമെന്ന യാഥാർഥ്യം മൂസാനബി(അ)യുടെ ചരിത്ര വിവരണത്തിലൂടെ നമുക്ക് നൽകുന്നുണ്ട്:

"മദ്‌യനിലെ ജലാശയത്തിങ്കൽ അദ്ദേഹം ചെന്നെത്തിയപ്പോൾ ആടുകൾക്ക് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളെ അതിന്നടുത്ത് അദ്ദേഹം കണ്ടെത്തി. അവരുടെ ഇപ്പുറത്തായി (തങ്ങളുടെ ആട്ടിൻപറ്റത്തെ) തടഞ്ഞുനിർത്തികൊണ്ടിരിക്കുന്ന രണ്ടു സ്ത്രീകളെയും അദ്ദേഹം കണ്ടു. അദ്ദേഹം ചോദിച്ചു: 'എന്താണ് നിങ്ങളുടെ പ്രശ്നം?' അവർ പറഞ്ഞു: 'ഇടയന്മാർ (ആടുകൾക്ക് വെള്ളം കൊടുത്ത്) തിരിച്ചു കൊണ്ടുപോകുന്നതുവരെ ഞങ്ങൾക്ക് വെള്ളം കൊടുക്കാനാവില്ല. ഞങ്ങളുടെ പിതാവാകട്ടെ വലിയൊരു വൃദ്ധനുമാണ്. അങ്ങനെ



അവർക്കുവേണ്ടി അദ്ദേഹം (അവരുടെ കാലികൾക്ക്) വെള്ളം കൊടുത്തു. പിന്നീട് അദ്ദേഹം തണലിലേക്ക് മാറിയിരുന്നിട്ട് ഇപ്രകാരം പ്രാർഥിച്ചു: 'എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നന്മക്കും ഞാൻ ആവശ്യക്കാരനാകുന്നു. അപ്പോൾ ആ രണ്ടു സ്ത്രീകളിൽ ഒരാൾ നാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് നടന്നുചെന്നിട്ട് പറഞ്ഞു: 'താങ്കൾ ഞങ്ങൾക്കുവേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്ക് നൽകാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു.' അങ്ങനെ മൂസാ(അ) അദ്ദേഹത്തിന്റെ അടുത്ത് ചെന്നിട്ട് തന്റെ കഥ അദേഹത്തിന് വിവരിച്ചു കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: 'ഭയപ്പെടേണ്ട, അക്രമികളായ ആ ജനതയിൽ നിന്ന് നീ രക്ഷപ്പെട്ടിരിക്കുന്നു" (28:23-25).

തനിക്ക് യാതൊരു മുൻപരിചയവും ഇല്ലാത്തവർക്കുപോലും സേവനം ചെയ്യാനുള്ള മൂസാ നബി (അ)യുടെ യുവമനസ്സ് വലിയ പാഠങ്ങളാണ് നമുക്ക് പകർന്ന് നൽകുന്നത്.

### ഇടറാത്ത മനക്കരുത്ത്

ഇണകളായിക്കൊണ്ടാണല്ലോ അല്ലാഹു മനുഷ്യരടക്കം എല്ലാറ്റിനെയും സൃഷ്ടിച്ചിട്ടുള്ളത്. പ്രായപൂർത്തിയെത്തിയാൽ സ്ത്രീ-പുരുഷന്മാർക്കിടയിൽ പരസ്പരം ആകർഷണമുണ്ടാകൽ മനുഷ്യപ്രകൃതിയിൽ പെട്ടതാണ്. എന്നാൽ ഈ വികാരങ്ങളെ അനുവദനീയമായ വൈവാഹിക ബന്ധത്തിലൂടെ മാത്രം പൂർത്തീകരിക്കണമെന്നാണ് ഇസ്‌ലാം നിർദേശിച്ചിട്ടുള്ളത്. മനുഷ്യായുസ്സിൽ ഏറ്റവുമധികം ഇത്തരുണത്തിലുള്ള വികാരങ്ങൾക്ക് അടിമപ്പെട്ടേക്കാവുന്ന കാലഘട്ടമാണ് യുവത്വം. പക്ഷേ, സാഹചര്യങ്ങളുടെ എത്രവലിയ സമ്മർദമുണ്ടായാലും അവസരങ്ങളുടെ വാതിലുകൾ തുറക്കപ്പെട്ടാലും സ്രഷ്ടാവിൽ അടിയുറച്ചു വിശ്വസിക്കുകയും അവനെ ഭയപ്പടുകയും ചെയ്യുന്ന യുവത്വത്തിനു പിടിച്ചു നിൽക്കാനാവുമെന്നു യൂസുഫ് നബി(അ) എന്ന യുവാവിന്റെ ചരിത്രമുദ്ധരിച്ചു ഖുർആൻ നമ്മെ പഠിപ്പിക്കുന്നുണ്ട്:

"അവൻ(യൂസുഫ്) എതൊരുവളുടെ വീട്ടിലാണോ അവൾ അവനെ വശീകരിക്കുവാൻ ശ്രമം നടത്തി. വാതിലുകൾ അടച്ചുപൂട്ടിയിട്ട് അവൾ പറഞ്ഞു: 'ഇങ്ങോട്ടു വാ.' അവൻ പറഞ്ഞു: 'അല്ലാഹുവിൽ ശരണം, നിശ്ചയമായും അവനാണ് എന്റെ രക്ഷിതാവ്. അവൻ എന്റെ താമസം ക്ഷേമകരമാക്കിയിരിക്കുന്നു. തീർച്ചയായും അക്രമം പ്രവർത്തിക്കുന്നവർ വിജയിക്കുകയില്ല."

"അവൾക്ക് അവനിൽ ആഗ്രഹം ജനിച്ചു. തന്റെ രക്ഷിതാവിന്റെ പ്രമാണം കണ്ടറിഞ്ഞില്ലായിരുന്നുവെങ്കിൽ അവന്ന് അവളിലും ആഗ്രഹം ജനിച്ചേനെ. അപ്രകാരം (സംഭവിച്ചത്) തിന്മയും നീചവൃത്തിയും അവനിൽനിന്ന് നാം തിരിച്ചുവിടുന്നതിനു വേണ്ടിയത്രെ. തീർച്ചയായും അവൻ നമ്മുടെ നിഷ്കളങ്കരായ ദാസന്മാരിൽ പെട്ടവനാകുന്നു."

"അവർ രണ്ടുപേരും വാതിൽക്കലേക്ക് മത്സരിച്ച് ഓടി. അവൾ പിന്നിൽനിന്ന് അവന്റെ കുപ്പായം (പിടിച്ചു, അത്) കീറി. അവരിരുവരും വാതിൽക്കൽ വെച്ച് അവളുടെ നാഥനെ (ഭർത്താവിനെ) കണ്ടുമുട്ടി. അവൾ പറഞ്ഞു: 'താങ്കളുടെ ഭാര്യയുടെ കാര്യത്തിൽ ദുരുദ്ദേശ്യം പുലർത്തിയവനുള്ള പ്രതിഫലം തടവിലാക്കപ്പെടുക എന്നതോ വേദനയേറിയ മറ്റേതെങ്കിലും ശിക്ഷയോതന്നെ ആയിരിക്കണം.' യൂസുഫ്പറഞ്ഞു: 'അവളാണ് എന്നെ വശീകരിക്കുവാൻ ശ്രമം നടത്തിയത്.' അവളുടെ കുടുംബത്തിൽ പെട്ട ഒരു സാക്ഷി ഇപ്രകാരം സാക്ഷ്യപ്പെടുത്തി: 'അവന്റെ കുപ്പായം മുന്നിൽ നിന്നാണ് കീറിയിട്ടുള്ളതെങ്കിൽ അവൾ സത്യമാണ് പറയുന്നത്. അവനാകട്ടെ കള്ളം പറയുന്നവരുടെ കൂട്ടത്തിലാണ്. എന്നാൽ അവന്റെ കുപ്പായം പിന്നിൽ നിന്നാണ് കീറിയിട്ടുള്ളതെങ്കിൽ അവൾ കളവാണ് പറഞ്ഞത്. അവനാകട്ടെ സത്യം പറഞ്ഞവരുടെ കൂട്ടത്തിലാണ്. അങ്ങനെ അവന്റെ (യൂസഫ്) കുപ്പായം പിന്നിൽ നിന്നാണ് കീറിയിട്ടുള്ളത് എന്നു കണ്ടപ്പോൾ അയാൾ (ഗൃഹനാഥൻ തന്റെ ഭാര്യയോട്) പറഞ്ഞു: തീർച്ചയായും ഇത് നിങ്ങളുടെ (സ്ത്രീകളുടെ) തന്ത്രത്തിൽപെട്ടതാണ്. നിങ്ങളുടെ തന്ത്രം ഭയങ്കരം തന്നെ. യൂസുഫേ, നീ ഇത് അവഗണിച്ചേക്കുക. (പെണ്ണേ,) നീ നിന്റെ പാപത്തിന് മാപ്പ് തേടുക. തീർച്ചയായും നീ പിഴച്ചവരുടെ കൂട്ടത്തിലാകുന്നു" (12:23-29).

> ലോകാവസാനം വരെ നിലനിൽക്കുന്ന ദൈവിക ഗ്രന്ഥത്തിൽ അസ്ഹാബുൽ കഹ്ഫ് ഇടംപിടിച്ചത് അവരുടെ യൗവനത്തെ തൗഹീദിലൂന്നി ചെലവഴിച്ചതുകൊണ്ടാണെന്നതിൽ സംശയമില്ല. കരുത്തിന്റെ കാലഘട്ടത്തെ തൗഹീദിന്നായി ഉപയോഗപ്പെടുത്തുന്നത് കാരുണ്യവാന്റെ ഇഷ്ടം നേടിത്തരുമെന്നത് ചരിത്രങ്ങളെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

നൈമിഷികമായ വികാരങ്ങൾക്കടിമപ്പെട്ട് യുവത്വകാലഘട്ടത്തിൽ അപമാനത്തിന്റെ കറ പുരളുന്നതിൽ ഒരു മടിയും കാണാത്ത ആധുനിക തലമുറക്ക് തീർച്ചയായും യൂസുഫ് നബി(അ)യുടെ ചരിത്രത്തിൽ വലിയ ഗുണപാഠങ്ങളാണുള്ളത്.

### യുവത്വം നബിവചനങ്ങളിൽ

യുവത്വ കാലഘട്ടത്തെ നന്മയിൽ നിലനിർത്താൻ പ്രേരിപ്പിക്കുന്ന ഒട്ടനവധി ഉപദേശങ്ങൾ നബി (സ്വ) നൽകിയിട്ടുണ്ട്. മരണാന്തര ജീവിതത്തിലെ വിചാരണ സമയത്ത് മനുഷ്യായുസ്സിലെ പ്രധാനകാലഘട്ടമായ യുവത്വത്തെ കുറിച്ച് പ്രത്യേക ചോദ്യമുണ്ടാകുമെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്: "അഞ്ചുകാര്യങ്ങളെ സംബന്ധിച്ച് ചോദിക്കപ്പെടാതെ അന്ത്യദിനത്തിൽ ആദമിന്റെ പുത്രന്റെ കാൽപാദങ്ങൾ മുന്നോട്ട് നീങ്ങുന്നതല്ല. തന്റെ ആയുസ്സ് എന്തിനു ചെലവഴി

ച്ചു, തന്റെ യുവത്വം എന്തിനു വിനിയോഗിച്ചു, തന്റെ ധനം എങ്ങനെ സമ്പാദിച്ചു, ഏതുവിധം ചെലവഴിച്ചു, തന്റെ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തിച്ചു (എന്നിവയാണവ)" (തിർമിദി).

മഹ്ശറിൽ അർശിന്റെ തണൽ ലഭിക്കുന്ന ഏഴു വിഭാഗങ്ങളെക്കുറിച്ച് പരാമർശിക്കുന്ന ഹദീസിലും യുവത്വത്തിന്റെ പ്രാധാന്യം പ്രത്യേകം നബി(സ്വ) അറിയിച്ചത് നമുക്ക് ഇപ്രകാരം വായിക്കാം: "അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "തന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാത്ത ദിനത്തിൽ അല്ലാഹു ഏഴു വിഭാഗം ആളുകൾക്ക് തന്റെ തണൽ നൽകും. നീതിമാനായ ഭരണാധികാരി, അല്ലാഹുവിനുള്ള ഇബാദത്തിൽ (ആരാധനയിൽ) ജീവിതം ചെലവഴിച്ച് വളർന്ന യുവാവ്, തന്റെ ഹൃദയത്തെ പള്ളികളുമായി ബന്ധിപ്പിച്ചവൻ, രണ്ടുപേർ; അവർ അല്ലാഹുവിന്റെ പേരിൽ പരസ്പരം ഇഷ്ടപ്പെട്ടു, അല്ലാഹുവിന്റെ പേരിൽ ഒരുമിച്ചു, അല്ലാഹുവിന്റെ പേരിൽ തന്നെ പിരിയുകയും ചെയ്തു; സൗന്ദര്യവും സ്ഥാനവുമുള്ള ഒരു സ്ത്രീ ക്ഷണിച്ചപ്പോൾ 'നിശ്ചയമായും ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു' എന്നു പറഞ്ഞ് ഒഴിഞ്ഞുനിന്നവൻ (തെറ്റു ചെയ്യാതെ മാറിനിന്നവൻ), വലതു കൈ കൊടുത്തത് ഇടതുകൈ അറിയാത്ത വിധം (രഹസ്യമായി) ദാനധർമം ചെയ്തവൻ, ഒഴിഞ്ഞിരുന്ന് അല്ലാഹുവിനെക്കുറിച്ച് ഓർത്ത് കരഞ്ഞവൻ (ഇവരാണ് ഏഴു വിഭാഗം)" (ബുഖാരി).

'അല്ലാഹുവിന്റെ തണൽ' എന്ന് ഈ ഹദീസിൽ പറഞ്ഞതിന്റെ ഉദ്ദേശ്യം 'അർശിന്റെ തണലാ'ണെന്ന് മറ്റു ഹദീസുകൾകൊണ്ട് സ്ഥിരപ്പെട്ടിട്ടുള്ളതാണ്. ഇവിടെ തണലിനെ അല്ലാഹുവിലേക്ക് ചേർത്തിപ്പറഞ്ഞത് അതിന്റെ മഹത്ത്വവും ശ്രേഷ്ഠതയും ബോധ്യപ്പെടുത്താനാണെന്ന് ഹദീസിനെ വിശദീകരിച്ച പണ്ഡിതർ രേഖപ്പെടുത്തിയതായി കാണാം.

യഥാർഥത്തിൽ യൗവനമെന്നത് മനുഷ്യായുസ്സിലെ കരുതിവയ്പിന്റെ കാലഘട്ടമാണ്. കരുത്തിന്റെ കാലത്ത് കാരുണ്യം കാണിച്ചാൽ അതിന്റെ പ്രതിഫലനങ്ങൾ ഇഹലോകത്തുതന്നെ ലഭിക്കുമെന്നുവരെ നബി(സ്വ) അറിയിച്ചിട്ടുണ്ട്. അനസി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "ഒരു യുവാവും ഒരു വൃദ്ധനെയും അയാളുടെ പ്രായത്തെ പരിഗണിച്ചു ബഹുമാനിക്കാറില്ല; അക്കാരണത്താൽ തന്റെ വാർധക്യത്തിൽ ബഹുമാനിക്കുന്നവരെ അല്ലാഹു നിർണയിച്ചിട്ടല്ലാതെ" (തിർമിദി). യൗവനത്തിലെ ആരോഗ്യം കൊണ്ട് അഹങ്കരിക്കുകയല്ല, വിനയപ്പെടുകയാണ് വേണ്ടതെന്ന പാഠവും ഈ നബിവചനം നൽകുന്നുണ്ട്.

സ്വാഭാവികമായ നിലയ്ക്ക് മനുഷ്യായുസ്സിലെ ഏറ്റവും ആരോഗ്യമുള്ള കാലം യുവത്വമായിരിക്കും. എന്നാൽ ഈ ആരോഗ്യത്തെ ഉപയോഗപ്പെടുത്തുന്നതിൽ അധികപേരും വഞ്ചിതരാനെന്ന നബിവചനവും നമ്മെ ഏറെ ചിന്തിപ്പിക്കേണ്ടതാണ്.

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "രണ്ട് അനുഗ്രഹങ്ങൾ, അതിൽ അധികമാളുകളും വഞ്ചിതരാണ്; ആരോഗ്യവും ഒഴിവുസമയവും" (ബുഖാരി).

അഞ്ചു കാര്യങ്ങൾ വന്നെത്തും മുമ്പ് അഞ്ചു കാര്യങ്ങളെ ഉപയോഗപ്പെടുത്തണമെന്നുപദേശമുള്ള നബി വചനത്തിലും യുവത്വത്തെ കുറിച്ച് പരാമർശമുണ്ട്. "നബി(സ്വ) ഒരു വ്യക്തിയെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'അഞ്ചു കാര്യങ്ങൾക്ക് മുമ്പ് ഉള്ള അഞ്ചു കാര്യങ്ങൾ നീ ഉപയോഗപ്പെടുത്തുക. പ്രായമാകുന്ന തിനു മുമ്പുള്ള നിന്റെ യുവത്വം, രോഗത്തിന് മുമ്പുള്ള നിന്റെ ആരോഗ്യം, ദാരിദ്ര്യത്തിന്' മുമ്പുള്ള നിന്റെ സമ്പന്നത, തിരക്കാവുന്നതിനു മുമ്പുള്ള നിന്റെ ഒഴിവുസമയം, മരണത്തിനു മുമ്പുള്ള നിന്റെ ജീവിതം. (ഹാകിം).

ധാർമിക ജീവിതത്തിന്റെ പാതിയെന്ന് വിശേഷിക്കപ്പെട്ട വൈവാഹിക ജീവിതത്തിലെർപ്പെടാൻ ഇസ്‌ലാം മനുഷ്യരോട് ആവശ്യപ്പെടുന്ന പ്രായവും യുവത്വമാണ്. നബി(സ്വ) പറയുന്നു: "ഹേ യുവ സമൂഹമേ, നിങ്ങളിൽ വിവാഹത്തിന് സാധിക്കുന്നവർ വിവാഹം കഴിക്കട്ടെ. തീർച്ചയായും അത് കണ്ണുകളെ താഴ്ത്തുന്നതും ഗുഹ്യാവയവങ്ങളെ സൂക്ഷിക്കുന്നതുമാണ്. വിവാഹം സാധിക്കാത്തവരുണ്ടെങ്കിൽ അവർ നോമ്പ് എടുക്കട്ടെ. അത് അവന് ഒരു പരിചയാണ്" (ബുഖാരി).

ഏഴു കാര്യങ്ങൾ സംഭവിക്കാനിരിക്കുന്നു; അതിനു മുമ്പായി സൽകർമങ്ങളിൽ മുന്നേറണമെന്ന് ഉപദേശിക്കുന്ന ഹദീസിലും മനുഷ്യായുസ്സിന്റെ അവസാനത്തിൽ വരാനിരിക്കുന്ന ദുർബലതയുടെ കാലത്തിനു മുമ്പുള്ള യുവത്വത്തെ ഉപയോഗപ്പെടുത്തണമെന്നുള്ള കൃത്യമായ സൂചനയുണ്ട്. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "വരാനിരിക്കുന്ന ഏഴു കാര്യങ്ങൾക്ക് മുമ്പായി നിങ്ങൾ സൽകർമങ്ങളിൽ മുന്നേറുക. വിസ്മൃതിയിലകപ്പെട്ട ദാരിദ്ര്യമോ അധർമത്തിലെക്ക് നയിക്കുന്ന സമ്പത്തോ ആപത്തിലാഴ്ത്തുന്ന രോഗമോ പിച്ചുംപേയും പറയുന്ന വാർധക്യമോ ആകസ്മികമായ മരണമോ, വരാനിരിക്കുന്നതിൽ വെച്ച് ഏറ്റവും ക്രൂരനായ ദജ്ജാലോ കയ്പേറിയതും അപ്രധിരോധ്യവുമായ അന്ത്യദിനമോ അല്ലാത്ത വല്ലതും നിങ്ങൾക്ക് പ്രതീക്ഷിച്ചിരിക്കാനുണ്ടോ?" (തിർമിദി)

*(അവസാനിച്ചില്ല)*

# സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച് വിദ്യാർഥികളിൽ അവബോധം വളർത്തണം:

## വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: വർധിച്ചുവരുന്ന സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച് ക്യാമ്പസുകളിൽ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന സമിതി മുക്കത്ത് സംഘടിപ്പിച്ച സംസ്ഥാന ത്രിദിന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു. ഉന്നതപഠന മേഖലയിലുള്ള മുഴുവൻ വിദ്യാർഥികളിലും ഇതിനെക്കുറിച്ചുള്ള അവബോധം വളർത്താനുതകുന്ന പദ്ധതികൾക്ക് രൂപം നൽകണം. സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ സാർവത്രികമായി എല്ലാവിഭാഗം വിദ്യാർഥികളിലേക്കും കൈമാറാൻ സാധിക്കണം.

പ്രബുദ്ധരായ മലയാളിസമൂഹത്തിൽ പോലും ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കുന്നത് ഗൗരവത്തോടെ കാണണം. പണത്തോടുള്ള അമിതാസക്തിയും തട്ടിപ്പ് മാതൃകകൾ സംബന്ധിച്ച അജ്ഞതയുമാണ് ഇത്തരം ചതിക്കുഴികളിൽ അകപ്പെടാൻ പലപ്പോഴും കാരണമാകുന്നത്. ക്യാമ്പസ് വിദ്യാർഥികളെ ഇത്തരം തട്ടിപ്പുകളിൽ കണ്ണികളാക്കുന്ന സാഹചര്യം ഗുരുതരമാണെന്നും അടിയന്തര ഇടപെടൽ ആവശ്യ മാണെന്നും അത്തരക്കാർക്കെതിരെ കർശനനടപടികൾ സർക്കാർ ഉറപ്പാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

സമ്മേളനം ഇ.ടി.മുഹമ്മദ് ബഷീർ എം.പി. ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി താനൂർ അധ്യക്ഷനായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്‌റഫ് മുഖ്യപ്രഭാഷണം നടത്തി.

വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുൽ മാലിക് സലഫി, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന ഭാരവാഹികളായ ഡോ. അബ്ദുല്ല ബാസിൽ സി.പി, സ്വഫ്‌വാൻ ബറാമി അൽഹികമി, ശാനിബ് അൽ ഹികമി, അജ്ഹദ് അൽഹികമി എന്നിവർ വിവിധ വിഷയങ്ങളവതരിപ്പിച്ച് സംസാരിച്ചു.

ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ശമീൽ, വൈസ് പ്രസിഡന്റുമാരായ ഡോ. ഷഹബാസ് കെ. അബ്ബാസ്, അസ്ഹർ അബ്ദുൽ റസാഖ്, അഹ്മദ് സുഹൈൽ കോഴിക്കോട്, സുജൈദ് പാണ്ടിക്കാട്, അൽഫഹദ് തിരുവനന്തപുരം, സൽമാൻ കൊല്ലം, യാസിർ അൽഹികമി കാസർകോട്, തുഫൈൽ കണ്ണൂർ, റിഷാദ് പാലക്കാട്, അബ്ദുറഹീം ആലപ്പുഴ, അഫ്നാൻ മാനന്തവാടി തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിവിധ സെഷനുകളിൽ പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ. ഹാരിസ് ഇബ്നു സലീം, ശബീബ് മഞ്ചേരി, അബ്ദുൽ മാജിദ് ചുങ്കത്തറ, മുജാഹിദ് അൽഹികമി പറവണ്ണ, പി.ഒ. ഫസീഹ് എന്നിവർ വിവിധ വിഷയങ്ങളവതരിപ്പിച്ച് സംസാരിച്ചു. അശ്‌റഫ് അൽഹികമി, അൽ ഫഹദ് പൂന്തുറ, മുശ്താഖ് അൽഹികമി, യാസിർ അൽഹികമി, നിയാസ് കൂരിയാടൻ, അലീം യൂസുഫ്, വസീം അൽഹികമി, അബ്ദു സ്വബൂർ സി.എം. തുടങ്ങിയവർ നേതൃത്വം നൽകി. ■

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

# സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം

“പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്നപക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തിക്കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും . തീർച്ചയായും അവർ (പിശാചുക്കൾ) അവരെ നേർമാർഗത്തിൽനിന്ന് തടയും. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും” (43:36,37).

ശരീഅത്താകുന്ന സമ്പൂർണമായ നിയമസംഹിതയാണ് പ്രവാചക ജീവിതം അഥവാ അവിടുത്തെ സുന്നത്തുകൾ, അതിന്റെ വിശാലമായ അർഥത്തിൽ; ‘സുന്നത്ത്’ എന്ന പദം നാല് അർഥതലങ്ങളിൽ പ്രയോഗിക്കാറുണ്ട്:

1) ക്വുർആനിലും സുന്നത്തിലും വന്ന എല്ലാ കാര്യങ്ങളും നബി(സ്വ)യുടെ സുന്നത്താണെന്ന് പറയാറുണ്ട്. അഥവാ അതായിരുന്നു നബി(സ്വ)യുടെ ജീവിതരീതിയും മാർഗവും. ആ അർഥത്തിലുള്ള ഒരു പ്രയോഗമാണ് ഇമാം ബുഖാരി(റ)യും ഇമാം മുസ്‌ലിമും (റ) ഉദ്ധരിച്ച പ്രബലമായ പ്രവാചക വചനത്തിലെ “ആരെങ്കിലും എന്റെ ‘സുന്നത്തിനോട്’ (അഥവാ എന്റെ മാർഗത്തോട്) വിപ്രതിപത്തി കാണിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല” എന്ന പരാമർശം.

2) ‘ഹദീസ്’ എന്ന അർഥത്തിൽ ‘സുന്നത്ത്’ എന്ന് പ്രയോഗിക്കാറുണ്ട്. മിക്കവാറും ക്വുർആനിനോട് ചേർത്തു പറയുമ്പോഴാണ് അങ്ങനെ പ്രയോഗിക്കാറ്. അങ്ങനെയുള്ള ഒരു പ്രയോഗമാണ് താഴെ കാണുന്ന പ്രവാചക വചനത്തിലുള്ളത്:

“അല്ലയോ ജനങ്ങളേ, നിങ്ങൾ മുറുകെ പിടിക്കുകയാണെങ്കിൽ ഒരിക്കലും വഴിപിഴക്കാത്ത ഒരു കാര്യം ഞാൻ നിങ്ങളിൽ വിട്ടേച്ചുപോകുന്നു. അതായത്, അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ റസൂലിന്റെ സുന്നത്തും.” മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: “തീർച്ചയായും ഞാൻ നിങ്ങളിലേക്ക് രണ്ട് സംഗതികൾ വിട്ടേച്ചുപോകുന്നു. അവ മുറുകെ പിടിച്ചശേഷം നിങ്ങൾ വഴിതെറ്റുകയെയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും (ക്വുർആൻ) എന്റെ സുന്നത്തുമാണത്.” (ഈ രണ്ട് ഹദീസുകളും ഇമാം ഹാകിം തന്റെ ‘മുസ്തദ്‌റകി’ൽ ഉദ്ധരിച്ചതാണ്).

ഇതേ അർഥത്തിലാണ് ചില പണ്ഡിതന്മാർ മസ്അലകൾ (കർമശാസ്ത്ര വിധികളും ചർച്ചകളും)



പറയുമ്പോൾ ഇപ്രകാരം പറയുന്നത്: “ഈ വിഷയത്തിൽ കിതാബിലും (ക്വുർആനിൽ) സുന്നത്തിലും (ഹദീസ്) ഇജ്മാഇലും തെളിവുണ്ട്.”

3) ബിദ്അത്തിന് എതിരായിട്ടുള്ളത് എന്ന അർഥത്തിലും ‘സുന്നത്ത്’ എന്നു പറയാറുണ്ട്. ആ അർഥത്തിലാണ് ഇർബാദുബ്നു സാരിയ(റ) ഉദ്ധരിക്കുന്ന ഹദീസിൽ നബി(സ്വ) ഇങ്ങിനെ പറയുന്നത്: “എനിക്കുശേഷം നിങ്ങളിലാരെങ്കിലും ജീവിച്ചിരിക്കുകയാണെങ്കിൽ ധാരാളം ഭിന്നതകൾ കാണുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും (ചര്യ) സച്ചരിതരായ ഖലീഫമാരുടെ (ഖുലഫാഉർറാശിദൂൻ) സുന്നത്തും പിൻപറ്റുക. അത് നിങ്ങൾ മുറുകെ പിടിക്കുക. അണപ്പല്ലുകൾകൊണ്ട് നിങ്ങൾ അതിനെ കടിച്ചുപിടിക്കുക. (മതത്തിൽ കടത്തിക്കൂട്ടിയ) പുത്തനാശയങ്ങളെ നിങ്ങൾ സൂക്ഷിക്കുക. നിശ്ചയമായും എല്ലാ പുത്തനാശയങ്ങളും ബിദ്അത്താകുന്നു. എല്ലാ ബിദ്അത്തും വഴികേടുമാകുന്നു” (അബൂദാവൂദ്, തിർമുദി, ഇബ്നുമാജ).

ബിദ്അത്തുകൾക്കെതിരിൽ സ്വഹാബത്ത്, വിശിഷ്യാ സച്ചരിതരായ ഖലീഫമാർ നിലകൊണ്ട മാർഗം നിങ്ങൾ പിൻപറ്റുക എന്ന് സാരം. ഇതേ അർഥത്തിലാണ് മുൻഗാമികളായ ചില പണ്ഡിതന്മാർ അക്വീദ വിഷയങ്ങളിലുള്ള തങ്ങളുടെ ഗ്രന്ഥങ്ങൾക്ക് ‘അസ്സുന്ന’ എന്ന പേര് നൽകിയിട്ടുള്ളത്. ഉദാഹരണത്തിന്, മുഹമ്മദുബ്നു നസ്വ്ർ അൽമർവസി(റഹി)യുടെ ‘അസ്സുന്ന,’ ഇബ്നു അബീ ആസ്വിമി(റഹി)ന്റെ’അസ്സുന്ന,’ ലാലകാഇ(റഹി)യുടെ ‘അസ്സുന്ന’ മുതലായവ. ഇമാം അബൂദാവൂദിന്റെ(റ) ‘സുനനി’ൽ ‘കിതാബുസ്സുന്ന’ എന്ന ഒരു ഭാഗം കാണാം. അതിൽ അക്വീദ (വിശ്വാസ കാര്യങ്ങൾ) വിഷയങ്ങളിലുള്ള ധാരാളം ഹദീസുകളാണ് അടങ്ങിയിട്ടുള്ളത്.

4) നിർബന്ധമില്ലാത്ത, ‘ഐച്ഛികമായ കാര്യം’ എന്ന അർഥത്തിൽ ‘സുന്നത്ത്’ എന്ന് പ്രയോഗിക്കാറുണ്ട്. അതായത്, നിർബന്ധരൂപത്തിലല്ലാതെ ഐച്ഛികസ്വഭാവത്തിൽ വന്ന കൽപനകളാണത്. ഈ അർഥത്തിലാണ് കർമശാസ്ത്ര പണ്ഡിതന്മാർ (ഫുക്വഹാഉകൾ) ഒരു കാര്യം സുന്നത്താണ് എന്ന് പറയുന്നത്. അത്തരത്തിലുള്ള ഒരു പരാമർശമാണ് നബി(സ്വ)യുടെ ഈ ഹദീസിലുള്ളത്: “എന്റെ സമുദായത്തെ ഞാൻ പ്രയാസപ്പെടുത്തലാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരവേളയിലും ദന്തശുദ്ധി വരുത്തുവാൻ ഞാനവരോട് കൽപ്പിക്കുമായിരുന്നു” (ബുഖാരി, മുസ്‌ലിം). ദന്തശുദ്ധീകരണത്തിന് ഐച്ഛികമായ കൽപന വന്നിട്ടുള്ളതാണ്. പ്രയാസകരമാകുമെന്ന് ഭയന്ന് ഉപേക്ഷിച്ചത് നിർബന്ധ രൂപത്തിലുള്ള കൽപനയാണ്.

## സുന്നത്തുകൾ പിൻപറ്റുവാനും ബിദ്അത്തുകൾ കയ്യൊഴിയുവാനുമുള്ള ആഹ്വാനങ്ങൾ

നബി(സ്വ) കൊണ്ടുവന്ന, അഥവാ അവിടുന്ന് പഠിപ്പിച്ച കാര്യങ്ങൾ പിൻപറ്റാൻ നിഷ്‌കർശിക്കുന്നതും പ്രേരിപ്പിക്കുന്നതുമായ ധാരാളം വചനങ്ങൾ കാണാം. അപ്രകാരംതന്നെ നബി(സ്വ)യുടെ അധ്യാപനങ്ങൾക്ക് എതിരാകുന്നതിനെ വിലക്കുന്നതും താക്കീത് ചെയ്യുന്നതുമായ വചനങ്ങളും അനവധിയുണ്ട്. ശിർക്ക്-ബിദ്അത്തുകളിലും മറ്റു പാപങ്ങളിലും ചെന്ന് ചാടുന്നതിനെ വിലക്കുന്ന വചനങ്ങളും അനേകമുണ്ട്.

അല്ലാഹു പറയുന്നു: “ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗ

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും” (4:59).

ത്തിൽനിന്ന് നിങ്ങളെ ചിതറിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (6:153).

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു” (33:36).

“നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നതുപോലെ നിങ്ങൾ ആക്കിത്തീർക്കരുത്. (മറ്റുള്ളവരുടെ) മറപിടിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടത്തിൽനിന്ന് ചോർന്ന് പോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ കല്പനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ” (24:63).

ഇബ്നു കസീർ(റഹി) ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു: “അതായത്, അല്ലാഹുവിന്റെ തിരുദൂതരുടെ കൽപനക്ക് എതിര് പ്രവർത്തിക്കുന്നവർ. അവിടുന്ന് പഠിപ്പിച്ച മാർഗവും രീതിശാസ്ത്രവും നിലപാടുകളും അവിടുത്തെ ചര്യകളും നിയമനിർദേശങ്ങളുമൊക്കെയാണത്. അതിനാൽ ഏതൊരാളുടെ വാക്കുകളും പ്രവൃത്തികളും അളന്നുനോക്കാനുള്ള മാനദണ്ഡമാണ് നബി(സ്വ)യുടെ വാക്കുകളും പ്രവൃത്തികളും, അഥവാ സുന്നത്ത്. അതിനോട് യോജിക്കുന്നത് സ്വീകരിക്കേണ്ടതും അതിനോട് എതിരാകുന്നവ ആരുതന്നെ പറഞ്ഞതും ചെയ്തതുമാണെങ്കിലും തള്ളിക്കളയേണ്ടതുമാണ്. സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹു മുസ്‌ലിമിലും മറ്റുമൊക്കെ നബി(സ്വ)യിൽനിന്ന് സ്ഥിരപ്പെട്ടുവന്നതും അതാണല്ലോ. അവിടുന്ന് പറഞ്ഞു: “നമ്മുടെ നിർദേശമില്ലാത്ത വല്ല കർമങ്ങളും (മതത്തിന്റെ പേരിൽ) ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്.” അതായത്, നബി(സ്വ)യുടെ മാർഗനിർദേശങ്ങളോട് പ്രത്യക്ഷത്തിലോ പരോക്ഷമായോ എതിരായി വല്ലതും പ്രവർത്തിക്കുന്നവൻ ഭയപ്പെടുകയും ജാഗ്രത പാലിക്കുകയും ചെയ്തുകൊള്ളട്ടെ എന്നർഥം. “അവർക്ക് വല്ല ‘ഫിത്ന’യും ബാധിക്കുന്നതിനെ” അഥവാ, അവരുടെ ഹൃദയങ്ങളിൽ കുഫ്റിന്റെയോ (അവിശ്വാസം) നിഫാക്വിന്റെയോ (കാപട്യം) ബിദ്അത്തിന്റെയോ (പുത്തനാശയം) വല്ലതും ബാധിക്കുന്നതിനെ. ‘അല്ലെങ്കിൽ വേദനയേറിയ ശിക്ഷ അവരെ ബാധിക്കുന്നതിനെ,’ അതായത് ഈ ജീവിതത്തിൽ ശിക്ഷാനടപടികളോ കൊലയോ തടവറയോ പോലുള്ള എന്തെങ്കിലും ബാധിക്കുന്നതിനെ” (തഫ്സീർ ഇബ്നു കസീർ).

അല്ലാഹു പറയുന്നു: “തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്” (33:21).

അല്ലാഹു പറയുന്നു: “നിങ്ങളിൽ ആരെങ്കിലും അല്ലാഹുവോടും അവന്റെ ദൂതനോടും താഴ്മകാണിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അവർക്ക് അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നാം നൽകുന്നതാണ്. അവർക്കുവേണ്ടി നാം മാന്യമായ ഉപജീവനം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു” (3:31).

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി) പറയുന്നു: “അല്ലാഹുവിനോട് സ്നേഹമുണ്ടെന്ന് വാദിക്കുകയും എന്നിട്ട് മുഹമ്മദ് നബി (സ്വ) പഠിപ്പിച്ച മാർഗത്തിനെതിരിൽ നിലകൊള്ളുകയും ചെയ്യുന്ന ഏതൊരാളുടെയും കാര്യത്തിൽ തീർപ്പുകൽപിക്കുന്നതാണ് ഈ വിശുദ്ധവചനം.

അഥവാ, തന്റെ വാക്കുകളിലും പ്രവൃത്തികളിലുമെല്ലാം നബി(സ്വ) പഠിപ്പിച്ച മതനിയമങ്ങളും മാർഗനിർദേശങ്ങളും പിൻപറ്റുന്നതുവരേക്കും അയാൾ തന്റെ അവകാശവാദത്തിൽ വ്യാജവാദിയാണ്; നബി(സ്വ)യിൽ നിന്ന് സ്ഥിരപ്പെട്ടുവന്നതുപോലെ. അവിടുന്ന് പറഞ്ഞു: 'ആരെങ്കിലും നമ്മുടെ നിർദേശമില്ലാതെ വല്ലതും (മതത്തിന്റെ ഭാഗമായി) അനുഷ്ഠിച്ചാൽ അത് തള്ളിക്കളയേണ്ടതാണ്.' അതിനാലാണ് അല്ലാഹു



ഇങ്ങനെ പറയാൻ നബി(സ്വ)യോട് പറഞ്ഞത്: 'നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങളെന്നെ പിൻപറ്റുക. അപ്പോൾ അല്ലാഹു നിങ്ങളെയും സ്നേഹിക്കും" (തഫ്സീർ ഇബ്നു കസീർ).

അല്ലാഹു പറയുന്നു: "നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെനിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (2:38).

അല്ലാഹു പറയുന്നു: "അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ രണ്ടുപേരും ഒന്നിച്ച് ഇവിടെനിന്ന് ഇറങ്ങിപ്പോകുക. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാകുന്നു. എന്നാൽ എന്റെ പക്കൽനിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അപ്പോൾ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ചുപോകുകയില്ല, കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്" (20:123,124).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത് വളരെ കുറച്ചുമാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (7:3).

"പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്നപക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തിക്കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും . തീർച്ചയായും അവർ (പിശാചുക്കൾ) അവരെ നേർമാർഗത്തിൽനിന്ന് തടയും. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും" (43:36,37).

"നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏതു കാര്യത്തിലാവട്ടെ, അതിൽ തീർപ്പുകൽപിക്കാ നുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു" (42:10). *(തുടരും)*

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

അധ്യായം 39

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَسِيقَ ٱلَّذِينَ كَفَرُوٓا۟ إِلَىٰ جَهَنَّمَ زُمَرًا
حَتَّىٰٓ إِذَا جَآءُوهَا فُتِحَتْ أَبْوَٰبُهَا وَقَالَ لَهُمْ
خَزَنَتُهَآ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَتْلُونَ عَلَيْكُمْ
ءَايَٰتِ رَبِّكُمْ وَيُنذِرُونَكُمْ لِقَآءَ يَوْمِكُمْ
هَٰذَا ۚ قَالُوا۟ بَلَىٰ وَلَٰكِنْ حَقَّتْ كَلِمَةُ ٱلْعَذَابِ
عَلَى ٱلْكَٰفِرِينَ ٧١

قِيلَ ٱدْخُلُوٓا۟ أَبْوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ
فَبِئْسَ مَثْوَى ٱلْمُتَكَبِّرِينَ ٧٢

وَسِيقَ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ إِلَى ٱلْجَنَّةِ
زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا وَفُتِحَتْ أَبْوَٰبُهَا
وَقَالَ لَهُمْ خَزَنَتُهَا سَلَٰمٌ عَلَيْكُمْ طِبْتُمْ
فَٱدْخُلُوهَا خَٰلِدِينَ ٧٣

وَقَالُوا۟ ٱلْحَمْدُ لِلَّهِ ٱلَّذِى صَدَقَنَا وَعْدَهُۥ
وَأَوْرَثَنَا ٱلْأَرْضَ نَتَبَوَّأُ مِنَ ٱلْجَنَّةِ حَيْثُ
نَشَآءُ ۖ فَنِعْمَ أَجْرُ ٱلْعَٰمِلِينَ ٧٤

وَتَرَى ٱلْمَلَٰٓئِكَةَ حَآفِّينَ مِنْ حَوْلِ ٱلْعَرْشِ
يُسَبِّحُونَ بِحَمْدِ رَبِّهِمْ ۖ وَقُضِىَ بَيْنَهُم بِٱلْحَقِّ
وَقِيلَ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ٧٥

71. സത്യനിഷേധികൾ കൂട്ടംകൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. അങ്ങനെ അവർ അതിന്നടുത്തു വന്നാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടും. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിക്കുകയും നിങ്ങൾക്കുള്ളതായ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുകയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽനിന്നുതന്നെയുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടില്ലേ എന്ന് അതിന്റെ (നരകത്തിന്റെ) കാവൽക്കാർ അവരോട് ചോദിക്കുകയും ചെയ്യും. അവർ പറയും: അതെ. പക്ഷേ, സത്യനിഷേധികളുടെ മേൽ ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടുപോയി.

72. (അവരോട്) പറയപ്പെടും: നിങ്ങൾ നരകത്തിന്റെ വാതിലുകളിലൂടെ പ്രവേശിക്കുക. നിങ്ങളതിൽ നിത്യവാസികളായിരിക്കും. എന്നാൽ അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത!

73. തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്നുവെക്കപ്പെട്ട നി ലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചുകൊള്ളുക.

74. അവർ പറയും: നമ്മളോടുള്ള തന്റെ വാഗ്ദാനം സത്യമായി പാലിക്കുകയും സ്വർഗത്തിൽനിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം ഈ (സ്വർഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത അല്ലാഹുവിന് സ്തുതി. അപ്പോൾ പ്രവർത്തിച്ചവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം!

75. മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം ചെയ്തുകൊണ്ട് സിംഹാസനത്തിന്റെ ചുറ്റും വലയം ചെയ്യുന്നതായി നിനക്ക് കാണാം. അവർക്കിടയിൽ സത്യപ്രകാരം വിധികൽപിക്കപ്പെടും. ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്ന് പറയപ്പെടുകയും ചെയ്യും.

71). സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും നിയന്ത്രിക്കുകയും ചെയ്യുന്ന തന്റെ പടപ്പുകൾക്കിടയിൽ അവൻ വിധി പറയുമെന്നാണ് അല്ലാഹു പറയുന്നത്. ഇഹലോകത്ത് അവരെ അവൻ ഒരുമിച്ചുകൂട്ടി. പരലോകത്തും അവൻ ഒരുമിച്ചുകൂട്ടും. പ്രതിഫലം നൽകുമ്പോൾ അവൻ അവരെ വേർതിരിക്കും. ഇഹലോകത്ത് വിശ്വാസിയും അവിശ്വാസിയുമായി വേർതിരിച്ചതുപോലെയും ധർമനിഷ്ഠയുടെയും അധാർമികതയുടെയും അടിസ്ഥാനത്തിൽ വേർതിരിക്കൽ പോലെയും. അല്ലാഹു പറയുന്നു: (സത്യനിഷേധികൾ കൂട്ടംകൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും) പ്രയാസകരമായി തെളിച്ചുകൊണ്ടുപോകും. ബലവന്മാരായ മലക്കുകൾ ചാട്ടവാറുകൾകൊണ്ട് അടിച്ചു വേദനിപ്പിക്കും. ഏറെ പ്രയാസമായ തടങ്കലിൽ മോശമായ സ്ഥലത്ത് എല്ലാ ദുരന്തങ്ങളും ഒത്തുചേരുന്ന നരകത്തിലാണത്. ഒരു സന്തോഷത്തിനും അവിടെ അവസരമില്ല.

يَوْمَ يُدَعُّونَ إِلَىٰ نَارِ جَهَنَّمَ دَعًّا ﴿١٣﴾

“അവർ നരകാഗ്നിയിലേക്ക് ശക്തിയായ പിടിച്ചു തള്ളപ്പെടുന്ന ദിവസം” (52:13). പ്രവേശിക്കാൻ വിസമ്മതിക്കുന്നതുകൊണ്ടാണ് അങ്ങനെ ബലത്തോടുകൂടി തള്ളിവിടുന്നത്.

അതിലേക്ക് അവരെ കൊണ്ടുപോകുന്നത് (കൂട്ടം കൂട്ടമായി). വ്യത്യസ്ത സംഘങ്ങൾ, ഓരോ കൂട്ടത്തിലും അവർ പരസ്പരം തിന്മകളാൽ സമാനരായിരിക്കും. അവർ പരസ്പരം ശപിച്ചുകൊണ്ടിരിക്കുകയും ചിലർ ചിലരിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യും. (അങ്ങനെ അവർ അതിനടുത്ത് വന്നാൽ) അതെ, അതിന്റെ മുറ്റത്തെത്തിയാൽ. (തുറക്കപ്പെടും) അവർ വരുമ്പോൾ അവരുടെ ആഗമനത്തെ സ്വീകരിക്കാൻ. (അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും) നിത്യദുരന്തത്തിന്റെ ആശംസകൾ അവർ അവർക്ക് നേരും; അനന്തമായ ശിക്ഷയും. അവർ ചെയ്ത തിന്മകളിൽ അവരെ ആസ്വാദകരാക്കി. ആ പ്രവർത്തനങ്ങളാണ് അവരെ ഇവിടെ എത്തിച്ചത്.

(നിങ്ങളുടെ കൂട്ടത്തിൽനിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടില്ലേ?) നിങ്ങളിൽപെട്ട, നിങ്ങൾക്കറിയാവുന്ന, അവരുടെ സത്യസന്ധത നിങ്ങൾക്ക് ബോധ്യപ്പെട്ടവർ. നിങ്ങൾക്ക് അവരെ സ്വീകരിക്കാമായിരുന്നു. (നിങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കുകയും) അവരിൽ അല്ലാഹു ഏൽപിച്ച വ്യക്തമായ പ്രമാണവും ദൃഢമായ സത്യവും ഉൾക്കൊള്ളണം. (ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു) ആ ദിനത്തിലെ ശിക്ഷയെ ഭയപ്പെടുകയും നിർബന്ധമായി അവരെ പിൻപറ്റുകയും സൂക്ഷ്മത കൈക്കൊള്ളുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ നിങ്ങൾ വിപരീത പാതയാണ് സ്വീകരിക്കുന്നത്.

(അവർ പറയും) അവരുടെ തെറ്റുകൾ അംഗീകരിച്ചുകൊണ്ടുതന്നെ. അല്ലാഹുവിന്റെ തെളിവ് അവർക്കെതിരാണ്. (അതെ), വ്യക്തമായ തെളിവും ദൃഷ്ടാന്തവുമായി ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതന്മാർ വന്നിരുന്നു. ശരിയായി അവർ ഞങ്ങൾക്ക് വിശദീകരിച്ചു തരികയും ചെയ്തു. ഈ ദിവസത്തിന്റെ ഭയാനകതയെക്കുറിച്ച് ഞങ്ങൾക്ക് അവർ താക്കീത് നൽകി. (പക്ഷേ, സത്യനിഷേധികളുടെമേൽ ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടുപോയി) അവരുടെ നിഷേധമാണ് അതിന്റെ കാരണം. ശിക്ഷയുടെ വചനം അവരുടെമേൽ പുലർന്നു. അല്ലാഹുവിന്റെ വചനങ്ങളെ നിഷേധിക്കുന്നവരും പ്രവാചകന്മാർ കൊണ്ടുവരുന്നത് നിഷേധിക്കുന്നവരു മായ സർവരുടെയും കാര്യമിതാണ്. അവർക്കെതിരെ വന്ന തെളിവും അവരുടെ കുറ്റങ്ങളും അവരേറ്റെടുത്തു.

72). (പറയപ്പെടും) അവരെ നിന്ദ്യരും നിസ്സാരരുമാക്കുന്നവിധം. (നിങ്ങൾ നരകത്തിന്റെ വാതിലുകളിലൂടെ പ്രവേശിക്കുക) ഓരോ വിഭാഗവും അവർക്ക് അനുയോജ്യമായ കവാടങ്ങളിലൂടെ പ്രവേശിക്കും. അവരുടെ പ്രവർത്തനങ്ങൾക്ക് അനുസൃതവുമായ വാതിലുകളിൽ. (അതിൽ നിത്യവാസികളായിരിക്കും) എക്കാലത്തും അവിടംവിട്ട് അവർ പോകില്ല. ഒരു സമയത്തും ശിക്ഷ അവർക്ക് ഒരിടവേള നൽകില്ല. അവർ തിരിഞ്ഞുനോക്കപ്പെടില്ല. (എന്നാൽ, അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത) ചീത്ത സങ്കേതം. നരകമാണാ സങ്കേതം. സത്യത്തോടു കാണിച്ച അഹങ്കാരത്തിന്റെ ഫലമായി പ്രവർത്തനങ്ങൾക്കനുസരിച്ച പ്രതിഫലം നിന്ദ്യതയും അപമാനവും അവഗണനയും.

73). തുടർന്ന് പറയുന്നത് സ്വർഗക്കാരെ കുറിച്ചാണ്. (തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ നയിക്കപ്പെടും) അവന്റെ ഏകത്വം അംഗീകരിച്ചും അവന്റെ കൽപനകൾ അനുസരിച്ചുമുള്ള ആദരവിന്റെയും അഭിമാനത്തിന്റെയും നടത്തം. (ശ്രേഷ്ഠരായ സംഘമായി അവർ ഒരുമിച്ചുകൂട്ടപ്പെടും). (സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി) സന്തോഷിച്ചാഹ്ലാദിച്ചുകൊണ്ട്. ഓരോ സംഘവും അവർക്ക് പറ്റിയവരോടൊപ്പം, അവരുടെ പ്രവർത്തനങ്ങളിൽ സമാനതകളുണ്ടാകും. (അവർ അതിനടുത്ത് വരുമ്പോൾ) ആ സന്തോഷ പരിസരങ്ങളിൽ അവരെത്തിയാൽ, ആ പരിശുദ്ധ ഭവനങ്ങളിൽ. അവിടുത്തെ സുഖസന്നാഹം. കാറ്റും അവർക്കുമേൽ അടിച്ചുവീശും. ആ അനുഗ്രഹങ്ങളോട് അവർ അടുത്തു. (തുറന്നുവെക്കപ്പെട്ടു) അവർക്കുവേണ്ടി. (കവാടങ്ങൾ)

ആദരിക്കാനായി തുറന്നു. പടപ്പുകളിൽ ആദരണീയരായ (അതിന്റെ കാവൽക്കാർ അവരോട് പറയും) നിങ്ങൾക്ക് സ്വാഗതം. നിങ്ങൾക്ക് മംഗളം. (നിങ്ങൾക്ക് സമാധാനം) എല്ലാ ദുരന്തങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും. (നിങ്ങൾ സംശുദ്ധരായിരിക്കുന്നു) നിങ്ങളുടെ ഹൃദയങ്ങൾ പരിശുദ്ധമായി. അല്ലാഹുവിനെ സ്നേഹിച്ചും ഭയപ്പെട്ടും നിങ്ങളുടെ നാവുകൾ അവനെ സ്മരിച്ചും നിങ്ങളുടെ ശരീരാവയവഹങ്ങൾ അവനെ അനുസരിച്ചും നിങ്ങൾ സംശുദ്ധരായതിനാൽ. (നിത്യവാസികളെന്ന നിലയിൽ നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക) അത് വിശിഷ്ട വീടാണ്. വിശിഷ്ടരെ മാത്രമെ അതിൽ അനുവദിക്കൂ.

നരകം പറഞ്ഞപ്പോൾ: (അതിന്റെ കവാടങ്ങൾ തുറക്കപ്പെടും) എന്നാണ്. സ്വർഗം പറഞ്ഞപ്പോഴാകട്ടെ (തുറന്നുവെക്കപ്പെടുകയും ചെയ്യും). ഈ പ്രയോഗത്തിലെ വ്യത്യാസം; നരകം എത്തുമ്പോഴാണ് തുറക്കുന്നത്. കാത്തിരിപ്പോ സാവകാശമോ ഇല്ല. അവരുടെ മുമ്പിൽ വെച്ചാണ് തുറക്കുന്നത്. അവരെത്തിക്കഴിഞ്ഞ ശേഷം. അതിന്റെ ചൂടും ശിക്ഷയുടെ കാഠിന്യവുമാണ് കാരണം.

(എന്നാൽ, സ്വർഗം. അത് ഉന്നതവും വിലയേറിയതുമാണ്. എല്ലാവർക്കും അതിൽ എത്തിപ്പെടാനാവില്ല. അതിന് തക്കതായ കാരണമുണ്ടാവണം. ആദരണീയരായ ശിപാർശകരും ആവശ്യമാണ്. അവർ എത്തി എന്നതല്ല തുറക്കാൻ കാരണം. മുഹമ്മദ് നബി(സ്വ)യുടെ അല്ലാഹുവിലേക്കുള്ള ശിപാർശ അവൻ സ്വീകരിക്കണം. നരകത്തിനും സ്വർഗത്തിനും വാതിലുകളുണ്ടെന്നും അത് തുറക്കപ്പെടുകയും അടക്കപ്പെടുകയും ചെയ്യുമെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു. അവയ്ക്ക് കാവൽക്കാരുമുണ്ട്. അവ രണ്ടും പ്രത്യേക ഭവനങ്ങളാണ്. രണ്ടിലും അവകാശികൾ മാത്രമെ പ്രവേശിക്കൂ. മറ്റു സ്ഥലങ്ങളും വീടുകളും പോലെയല്ല)

74). (അവർ പറയുകയും ചെയ്യും) അതിലവർ പ്രവേശിക്കുമ്പോൾ. അതിൽ സ്ഥിരവാസികളാകുമ്പോൾ അതിനവരെ അർഹരാക്കിയ രക്ഷിതാവിനെ അവർ വാഴ്ത്തും. അവർക്ക് അതിന് അനുഗ്രഹവും അതിലേക്ക് മാർഗം കാണിക്കുകയും ചെയ്തവന്. (തന്റെ വാഗ്ദാനം സത്യമായി പാലിച്ച അല്ലാഹുവിന് സ്തുതി) പ്രവാചകന്മാരുടെ നാവിലൂടെ അവൻ ഞങ്ങൾക്ക് ഉറപ്പു നൽകി; ഞങ്ങൾ വിശ്വസിക്കുകയും നല്ലവരാവുകയും ചെയ്താൽ സ്വർഗം തരാമെന്ന്. അതവൻ പൂർത്തിയാക്കി. (ഈ ഭൂമി നമുക്ക് അവകാശപ്പെടുത്തി) സ്വർഗഭൂമി. (സ്വർഗത്തിൽനിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം) അതിൽ ഏത് സ്ഥലത്തും നമുക്ക് ഇറങ്ങാം. അതെങ്ങനെ യും അനുഭവിക്കാം. ഒന്നും നമ്മെ തടയുന്നില്ല.

(അപ്പോൾ പ്രവർത്തിച്ചവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം!) കുറഞ്ഞ കാലം അവർ തങ്ങളുടെ രക്ഷിതാവിനെ അനുസരിക്കാൻ കഠിന പരിശ്രമം നടത്തി. അതിനാൽ വലിയ നേട്ടവും ലഭിച്ചു; അവശേഷിക്കുന്നതും സുസ്ഥിരമായതും.




ഈ ഭവനം യഥാർഥത്തിൽ പ്രശംസിക്കപ്പെടേണ്ടതുതന്നെ. തന്റെ സൃഷ്ടികളിൽ ചിലരെപ്രത്യേകം ആദരിക്കാനുള്ളതാണത്. ഔദാര്യവാൻ അവർക്ക് നൽകിയ വിരുന്ന്. അവനതിനെ ഉന്നതവും മനോഹരവുമാക്കി നിർമിച്ചു. തന്റെ അനുഗ്രഹങ്ങളാൽ കവചിതമാക്കി. ദുഃഖിതനെ സന്തോഷിപ്പിക്കും. വിഷമങ്ങളെല്ലാം നീങ്ങും.

75). (മലക്കുകളെ നിനക്ക് കാണാം) ആ മഹത്തായ ദിനത്തെ നിരീക്ഷിക്കുന്നവന്. (സിംഹാസനത്തിന് ചുറ്റും വലയം ചെയ്യുന്നതായി) തങ്ങളുടെ രക്ഷിതാവിന് സേവനം ചെയ്യുന്നവരായി. സിംഹാസനത്തിന് ചുറ്റും ഒരുമിച്ചുകൂടിയവരായി, അവന്റെ മഹത്ത്വത്തിന് കീഴൊതുങ്ങിയവരായി, അവന്റെ പൂർണത അംഗീകരിച്ചവരായി, അവന്റെ സൗന്ദര്യത്തിൽ മുഴുകിയവരായി. (തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ട്) അവന്റെ മഹത്ത്വത്തിന് യോജിക്കാത്തതിൽനിന്നെല്ലാം അവനെ പരിശുദ്ധപ്പെടുത്തി. ബഹുദൈവവിശ്വാസികൾ അവനിൽ ചേർത്തതിൽ നിന്നും ചേർക്കാത്തതിൽനിന്നുമെല്ലാം.

(അവർക്കിടയിൽ സത്യപ്രകാരം വിധി കൽപിക്കപ്പെടും) സൃഷ്ടികളിൽ ആദികാലക്കാർക്കും പിൽക്കാലക്കാർക്കുമിടിയിൽ. (സത്യപ്രകാരം) ആശയക്കുഴപ്പങ്ങളില്ലാത്ത, സത്യം സ്വീകരിച്ചവർക്ക് സംശയമില്ലാത്ത.

(ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്ന് പറയുകയും ചെയ്യും) ഇവിടെ, പറയുന്നതാരാണെന്ന് പറഞ്ഞില്ല. എല്ലാവരും പറയുമെന്നർഥം. അവർ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കും; സ്വർഗ-നരകക്കാരെ വേർതിരിക്കുന്നതിലെ അവന്റെ യുക്തിയെ. അവന്റെ ഔദാര്യത്തെയും നീതിയെയും അവർ പുകഴ്ത്തും. ■

ഇബ്നു അലി എടത്തനാട്ടുകര

# ശേഷം പ്രളയമുണ്ടാകില്ല



ഞാൻ ഇല്ലെങ്കിൽ, ഞാൻ അന്നവിടെ ഉണ്ടായിരുന്നില്ലെങ്കിൽ... എല്ലാം തകിടം മറിഞ്ഞേനെ എന്ന്, സ്വയം പെരുമ നടിക്കുന്ന ചിലർ ഇടയ്ക്കിടെ പറയാറുണ്ട്.

സംഘടനയിൽ/പാർട്ടിയിൽ ഞാനാണ് എല്ലാം, താനില്ലെങ്കിൽ ഒന്നും നേരെ ചൊവ്വെ നടക്കില്ല, ഞാനാണ് മറ്റുള്ളവരെക്കൊണ്ട് പണിയെടുപ്പിക്കുന്നത്, അതെല്ലാം എന്റെ മിടുക്കാണ്, ഞാനില്ലെങ്കിൽ സംഘടനയേയില്ല, ഞാനാണ് സംഘടന/പാർട്ടി എന്നൊക്കെ കരുതുന്ന ചിലരുണ്ട്. ഈ 'ഞാൻ' ഈഗോ കാരണം നിസ്സാരകാര്യത്തിന് പിണങ്ങി ചിലർ രാജിഭീഷണി മുഴക്കാറുണ്ട്. ചിലരാകട്ടെ രാജിവെക്കാറുമുണ്ട്. ആ സാധുക്കൾ ധരിച്ചുവച്ചിരിക്കുന്നത്, മറ്റുള്ളവർ ഖേദം പ്രകടിപ്പിച്ച് അവരെ തിരികെ വിളിച്ച് സ്ഥാനമാനങ്ങൾ തിരികെ നൽകി ആദരിച്ച് സ്വീകരിക്കുമെന്നാണ്. എന്നാൽ, അഹങ്കാരത്തിന് കൈകാലുകൾ മുളച്ച അത്തരക്കാർ പോയിക്കിട്ടിയത് ഭാഗ്യമായി കണക്കാക്കി അവരുടെ അസാന്നിധ്യം ഒട്ടും ഗൗനിക്കാത്തവരുണ്ട്. രാജിവച്ചവന് സ്ഥാനം പോയി, അഹമ്മതിക്ക് തിരിച്ചടിയും കിട്ടി. ദിവസങ്ങൾ കൊണ്ടയാൾ ചിത്രത്തിൽനിന്ന് മായുകയും ചെയ്യും. ഇങ്ങനെ മൂപ്പിള മത്തർക്കം കാരണം രാജിവച്ച് ഒടുവിൽ തിരികെയെത്താൻ കുറ്റസമ്മതവും ഖേദവും എഴുതിക്കൊടുത്ത് പരിഹാസ കഥാപാത്രമായി നിൽക്കുന്ന ഒരാളെ വർഷങ്ങളായി പരിചയമുണ്ട്.

എന്റെ പഴയ ഓഫീസിൽ ഒരു ബോസുണ്ടായിരുന്നു. താഴെ തസ്തികയിൽ ജോലിക്ക് ചേർന്ന് പിന്നീട് സ്ഥാനക്കയറ്റങ്ങൾ കിട്ടി ഓഫീസറായ അദ്ദേഹം കൂടുതൽ കാലവും ഒരേ ഓഫീസിലാണ് ജോലി ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ഓഫീസിലേക്കെത്തുന്ന കക്ഷികളോട് നല്ല ബന്ധം ഉണ്ടായിരുന്നു. അവരുടെയും ഫയലുകളുടെയും പൂർവ ചരിത്രവും പ്രശ്നങ്ങളും കൃത്യമായി അറിയാമായിരുന്നു. പണിയെടുക്കാനും മടിയുണ്ടായിരുന്നില്ല. പക്ഷേ, താനാണ് ജോലിയെല്ലാം ചെയ്യുന്നതെന്ന് ഇടയ്ക്കിടക്ക് വിളിച്ചുപറയുമെന്ന് മാത്രം. സഹപ്രവർത്തകർക്കോ ജൂനിയേഴ്സിനോ ഒരിക്കലും പ്രധാനപ്പെട്ട ഓഫീസ് കാര്യങ്ങൾ പഠിപ്പിച്ചുകൊടുക്കില്ല. എല്ലാം തന്നിലൂടെ നടക്കണം എന്ന സ്വാർഥത തന്നെ കാരണം. അയാൾ അവധിയിലാണെങ്കിൽ ചില കാര്യങ്ങൾ മുടങ്ങുകയും ചെയ്തിരുന്നു. താൻ ഇല്ലെങ്കിൽ കാണാം, ആപ്പീസ് പൂട്ടേണ്ടിവരും, താനാണ് ആപ്പീസ് എന്ന മട്ടിൽ അഹങ്കരിച്ച് സ്വയം ആശ്വസിക്കാറുമുണ്ടായിരുന്നു.

അയാൾ സേവനത്തിൽനിന്ന് പിരിഞ്ഞശേഷം വേറെ ഒരു കക്ഷിയുടെ കാര്യത്തിനു വേണ്ടി ഓഫീസിൽ എത്തുകയും ഓഫീസിൽ കാര്യങ്ങൾ വേഗത്തിൽ നടക്കുന്നില്ല എന്നു പറഞ്ഞ് ജീവനക്കാരെ ശാസിക്കുകയും ചെയ്തു. ഇതുകേട്ട ജൂനിയറായ ഒരു പെൺകുട്ടി, ഓഫീസ് കാര്യം നോക്കാനും ശകാരിക്കാനും അയാൾക്കെന്താണ് അധികാരം എന്ന് നേരിട്ടങ്ങ് ചോദിക്കുകയും അവിടുത്തെ കാര്യങ്ങൾ ഭംഗിയായി നടക്കുന്നുണ്ടെന്നും അത് പരിശോധിക്കാൻ മേലധികാരികളുണ്ട് എന്നും മേലാൽ അമ്മാതിരി കാര്യം പറഞ്ഞുകൊണ്ട് ഓഫീസിലേക്ക് വരരുത് എന്നും പറഞ്ഞ് അയാളുടെ അഹങ്കാരത്തിന് തടയിട്ടു. അപ്രതീക്ഷിതമായി വടി കൊടുത്ത് വാങ്ങിയ അടി അയാൾക്ക് വലിയ ആഘാതമായി. പിന്നീട് ഒരിക്കലും അയാൾ ആ ഓഫീസിലേക്ക് ചെന്നിട്ടില്ല എന്നാണ് കേട്ടത്.

തനിക്കുശേഷം പ്രളയം എന്ന മട്ടിൽ മസിൽപിടിച്ച് നടക്കുന്ന ചിലരുണ്ട്. താനില്ലെങ്കിൽ വീട്ടുകാര്യങ്ങളോ നാട്ടുകാര്യങ്ങളോ കച്ചവടമോ ഓഫീസോ ഒന്നും വേണ്ടപോലെ നടക്കില്ല എന്ന അല്പത്തരത്തിൽ അഭിരമിച്ച് വിഡ്ഢികളുടെ സ്വർഗത്തിൽ ജീവിക്കുകയാണ് അവർ. അവരില്ലെങ്കിലും സൂര്യനുദിക്കും, അസ്തമിക്കും, രാവ് പകലിനും പകൽ രാത്രിക്കും വഴിമാറും. മഴ പെയ്യുകയും പുഴ നിറയുകയും ഒഴുകിയത് ആഴക്കടലിൽ എത്തപ്പെടുകയും ചെയ്യും. ഒരു പക്ഷേ, വീടും കച്ചവടവും ഓഫീസും സംഘടനയും കൂടുതൽ ഭംഗിയായി നടന്നേക്കും. തന്നെക്കാൾ കഴിവും ശേഷിയുമുള്ളവർ പുറത്ത് അവസരം കാത്തിരിക്കുന്നുണ്ട് എന്നോർക്കുക. കരുതിയിരിക്കുക, വിനയാന്വിതരാവുക...! ■

ഹംസ ജമാലി

# സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ?

സ്ത്രീകൾ പള്ളിയിൽ പോയി ആരാധനാകർമ ങ്ങൾ നിർവഹിക്കുന്നത് ഇസ്‌ലാമിക ശരീഅത്ത് ഒരുകാലത്തും വിലക്കിയിട്ടില്ല. മറിച്ച്, നബി(സ്വ) യുടെ കാലത്തും ശേഷവും ധാരാളം മുസ്‌ലിം സ്ത്രീകൾ പള്ളിയിൽ പോയിരുന്നതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നു.



അല്ലാഹുവിന്റെ ഭവനമായ പള്ളികൾ ആരുടെയും സ്വന്തം വകയല്ല; അവിടെ ആരാധന നടത്തുന്നതിന് ആർക്കും വിലക്കു കൽപിക്കാൻ അവകാശമില്ല. അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം പ്രകീർത്തിക്കപ്പെടുന്നതിന് തടസ്സമുണ്ടാക്കുകയും അവയുടെ (പള്ളികളുടെ) തകർച്ചയ്ക്കായി ശ്രമിക്കുകയും ചെയ്തവനെക്കാൾ വലിയ അതിക്രമകാരി ആരുണ്ട്? ഭയപ്പാടോടുകൂടിയല്ലാതെ അവർക്ക് ആ പള്ളികളിൽ പ്രവേശിക്കാവതല്ലായിരുന്നു. അവർക്ക് ഇഹലോകത്ത് നിന്ദ്യതയാണുള്ളത്. പരലോകത്താകട്ടെ കഠിന ശിക്ഷയും" (അൽബക്വറ: 114).

അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിന്നായി പണ്ടുകാലം മുതലേ പള്ളികളിൽ സ്ത്രീകൾ വന്നിരുന്നു. ലോകമുസ്‌ലിംകൾക്ക് ഉദാഹരണമായി വിശുദ്ധ ക്വുർആനിൽ എടുത്തു പറയപ്പെട്ടവരും പേരെടുത്തു പറഞ്ഞ ഏകമഹതിയുമായ മർയമിനോട് അല്ലാഹു പറയുന്നത് നോക്കൂ: "മർയമേ, നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും സാഷ്ടാംഗം ചെയ്യുകയും തലകുനിക്കുന്നവരോടൊപ്പം തല കുനിക്കുകയും ചെയ്യുക" (ആലുഇംറാൻ: 43).

പള്ളികളിൽ നമസ്കരിച്ചുകൊണ്ടിരിക്കുന്നവരു

ടെകൂടെ നമസ്കരിക്കാനാണ് അല്ലാഹു മർയമിനോട് ഇവിടെ നിർദേശിക്കുന്നത്. തഫ്സീർ ഇബ്നുകസീറിൽ ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു : "അതായത് നീ അവരിൽ ഉൾപ്പെട്ടവളായി നിർവഹിക്കുക."

പള്ളി ദർസിൽ പഠിപ്പിക്കുന്ന തഫ്സീർ ബൈദാവിയിൽ പറയുന്നു: "അവർ ജമാഅത്തായി നമസ്കരിക്കുവാൻ കൽപിക്കപ്പെട്ടു" (1/38).

തഫ്സീർ ഖാസിൻ പറയുന്നു: "മർയമേ, നീ റുകൂഅ് ചെയ്യുന്ന സ്ത്രീകളുടെ കൂടെ റുകൂഅ് ചെയ്യൂ എന്ന് പറയാതെ റുകൂഅ് ചെയ്യുന്നവരുടെ കൂടെ (പുല്ലിംഗ ബഹുവചനമായി) എന്നാണ് പറഞ്ഞത്. കാരണം അതിൽ സ്ത്രീകളും പുരുഷന്മാരും ഉൾപെടും. പുരുഷന്മാരുടെ കൂടെ നമസ്കരിക്കലാണ് ഏറ്റവും ഉത്തമവും പരിപൂർണവും. നമസ്കരിക്കുന്നവർ ചെയ്യുന്നതുപോലെ ചെയ്യുക എന്നും നമസ്കരിക്കുന്നവരുടെ കൂടെ ജമാഅത്ത് നമസ്കാരത്തിൽ നീ പങ്കെടുക്കുക എന്നും അർഥം പറയപ്പെടുന്നു" (1/347).

സ്ത്രീകൾ പള്ളിയിൽ പോയി ആരാധനാകർമങ്ങൾ നിർവഹിക്കുന്നത് ഇസ്ലാമിക ശരീഅത്ത് ഒരുകാലത്തും വിലക്കിയിട്ടില്ല. മറിച്ച്, നബി(സ്വ)യുടെ കാലത്തും ശേഷവും ധാരാളം മുസ്ലിം സ്ത്രീകൾ പള്ളിയിൽ പോയിരുന്നതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ഏതാനും ചില തെളിവുകൾ താഴെ കൊടുക്കുന്നു.



ഇബ്നു ഉമർ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: "നിങ്ങൾ അല്ലാഹുവിന്റെ അടിയാത്തികൾക്ക് അല്ലാഹുവിന്റെ പള്ളികളെ വിലക്കരുത്" (മുസ്ലിം).

സാലിം(റ) തന്റെ പിതാവിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: "നിങ്ങളിലൊരാളുടെ ഭാര്യ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവളെ തടുക്കരുത്" (ബുഖാരി).

ഇബ്നു ഉമർ(റ) നിവേദനം; അല്ലാഹുവിന്റെ പ്രവാചകൻ(സ്വ) അരുളി: "നിങ്ങളുടെ ഭാര്യമാർ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവർക്ക് അനുവാദം നൽകുവിൻ" (അഹ്മദ്).

ഇബ്നു ഉമർ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: "നിങ്ങളുടെ ഭാര്യമാർ രാത്രിയിൽ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവർക്ക് അനുവാദം നൽകുവിൻ" (ബുഖാരി).

ഇബ്നു ഉമർ(റ) നിവേദനം: "ഉമർ(റ)വിന്റെ ഒരു ഭാര്യ സുബ്ഹി, ഇശാഅ് എന്നീ നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിക്കാൻ പള്ളിയിൽ വരാറുണ്ടായിരുന്നു. അപ്പോൾ അവരോട് ചോദിക്കപ്പെട്ടു: 'നിങ്ങൾ പള്ളിയിൽ പോകുന്നത് ഉമറി(റ)ന് ഇഷ്ടമില്ലെന്നും വെറുപ്പാണെന്നും അറിയാമല്ലോ. പിന്നെ എന്തിനാണ് നിങ്ങൾ പോകുന്നത്?' ഉടനെ അവർ തിരിച്ചു ചോദിച്ചു: 'എന്നാൽ പിന്നെ ഉമറിനുതന്നെ നിരോധിച്ചുകളയാൻ എന്തു തടസ്സമാണുള്ളത്?' അബ്ദുല്ല(റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദാ

സികളെ അല്ലാഹുവിന്റെ പള്ളികളിൽനിന്നും തടയരുത് എന്ന നബി വചനമാണ് ഉമറിന് തടസ്സമായി നിൽക്കുന്നത്" (ബുഖാരി).

## ഹിജാബിന്റെ ആയത്തിനു ശേഷവും

നബി(സ്വ) ജഹ്ശിന്റെ മകൾ സൈനബ(റ)യെ വിവാഹം ചെയ്ത സന്ദർഭത്തിൽ സദ്യക്ക് ക്ഷണിച്ച വ്യക്തികൾ പുറത്തു പോകാതെയും മറ്റും നബി(സ്വ)ക്ക് പ്രയാസമുണ്ടാക്കിയപ്പോൾ വിശുദ്ധ ഖുർആനിലെ സൂറത്തുൽ അഹ്സാബിലെ 53ാം വചനം അവതരിക്കുകയുണ്ടായി:

"സത്യവിശ്വാസികളേ, ഭക്ഷണത്തിന് (നിങ്ങളെ ക്ഷണിക്കുകയും) നിങ്ങൾക്ക് സമ്മതം കിട്ടുകയും ചെയ്താലല്ലാതെ നബിയുടെ വീടുകളിൽ നിങ്ങൾ കടന്നുചെല്ലരുത്. അത് (ഭക്ഷണം) പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷേ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ കടന്ന് ചെല്ലുക. നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞു പോകുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരാവുകയും അരുത്. തീർച്ചയായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് (അത് പറയാൻ) അദ്ദേഹത്തിന് ലജ്ജ തോന്നുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല. നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. അല്ലാഹുവിന്റെ ദൂതന് ശല്യമുണ്ടാക്കാൻ നിങ്ങൾക്ക് പാടില്ല. അദ്ദേഹത്തിന് ശേഷം ഒരിക്കലും അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം കഴിക്കാനും പാടില്ല. തീർച്ചയായും അതൊക്കെ അല്ലാഹുവിങ്കൽ ഗൗരവമുള്ള കാര്യമാകുന്നു" (അഹ്സാബ് : 53).

ഈ സംഭവം വിവരിച്ചശേഷം ഇമാം ബുഖാരി(റഹി) പറയുന്നു: "അങ്ങനെ ഹിജാബിന്റെ ആയത്ത് അവതരിക്കപ്പെട്ടു."

തഫ്സീർ ഇബ്നുകസീർ ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: "ഇതാണ് ഹിജാബിന്റെ ആയത്ത്" (3/607).

ഈ സംഭവം നടന്നത് ഹിജ്റ മൂന്നിനാണെന്നും അഞ്ചിനാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഹിജാബിന്റെ ആയത്തായി യാഥാസ്ഥിതികർ ഉദ്ധരിക്കാറുള്ളത് സൂറത്തുൽ അഹ്സാബിലെ 32,33 ആയത്തുകളാണ്. അവയുടെ അർഥം കാണുക:

"പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയസ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്. നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക. (പ്രവാചകന്റെ) വീട്ടുകാരേ! നിങ്ങളിൽനിന്ന് മാലിന്യം നീക്കികളയുവാനും നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്" (അഹ്സാബ്: 32,33).

> മുസ്‌ലിം സ്ത്രീകൾക്ക് പള്ളി വിലക്കുന്ന ഒരു ആയത്താണ് ഹിജാബിന്റെ ആയത്തെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എല്ലാ ആവശ്യങ്ങൾക്കും പുറത്തു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങളാണ് സ്ത്രീകൾ പള്ളിയിൽ പോകുമ്പോഴും പാലിക്കേണ്ടത്. ശരീരത്തിന്റെ അവയവങ്ങൾ പ്രകടമാകാത്ത രീതിയിൽ സുഗന്ധം ഉപയോഗിക്കാതെ ജനങ്ങളെ ആകർഷിക്കാത്ത രീതിയിൽ വസ്ത്രം ധരിച്ചുകൊണ്ട് അന്യപുരുഷന്മാരുമായി ഇടകലരാതെയാണ് പുറത്ത് പോകേണ്ടത്. അതോടൊപ്പം തികഞ്ഞ ഭക്തിയോടും ഭവ്യതയോടെയും കൂടിയാണ് അവർ പള്ളിയിലേക്ക് പോകേണ്ടത്

മേൽ ആയത്തുകളിലെല്ലാം വീട്ടിലും പുറത്തും അനുഷ്ഠിക്കേണ്ട മര്യാദകൾ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ മര്യാദയോടെ ഇസ്‌ലാം നിർദേ

ശിക്കുന്ന നിബന്ധനയോടെ വസ്ത്രം ധരിച്ചുകൊണ്ട് വീട്ടിൽനിന്ന് പുറത്തുപോകുന്നതിനെയോ പള്ളിയിൽ പോകുന്നതിനേയോ വിലക്കുന്ന ഒരു സൂക്തം അല്ലാഹുവിന്റെ ഗ്രന്ഥത്തിലോ പ്രവാചകൻ(സ)യുടെ തിരുസുന്നത്തിലോ കാണാൻ സാധ്യമല്ല.

മുസ്‌ലിം സ്ത്രീകൾക്ക് പള്ളി വിലക്കുന്ന ഒരു ആയത്താണ് ഹിജാബിന്റെ ആയത്തെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എല്ലാ ആവശ്യങ്ങൾക്കും പുറത്തു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങളാണ് സ്ത്രീകൾ പള്ളിയിൽ പോകുമ്പോഴും പാലിക്കേണ്ടത്. ശരീരത്തിന്റെ അവയവങ്ങൾ പ്രകടമാകാത്ത രീതിയിൽ സുഗന്ധം ഉപയോഗിക്കാതെ ജനങ്ങളെ ആകർഷിക്കാത്ത രീതിയിൽ വസ്ത്രം ധരിച്ചുകൊണ്ട് അന്യപുരുഷന്മാരുമായി ഇടകലരാതെയാണ് പുറത്ത് പോകേണ്ടത്. അതോടൊപ്പം തികഞ്ഞ ഭക്തിയോടും ഭവ്യതയോടെയും കൂടിയാണ് അവർ പള്ളിയിലേക്ക് പോകേണ്ടത്.



അബൂഹുറയ്റ(റ) നിവേദനം; നബി(സ) പറഞ്ഞു: "ഏതെങ്കിലും സ്ത്രീ സുഗന്ധം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ കൂടെ അവസാനത്തെ രാത്രി നമസ്കാരത്തിന് പങ്കെടുക്കരുത്" (മുസ്‌ലിം).

### നബി(സ)യുടെ ഭാര്യമാരും പള്ളിയിൽ പോയിരുന്നു

നബി(സ)യുടെ കാലത്തും വിയോഗാനന്തരവും അവിടുത്തെ ഭാര്യമാർ പള്ളിയിൽ പോയി നമസ്കരി ക്കുകയും ഇഅ്തികാഫിരിക്കുകയും ചെയ്തിരുന്നതായി പ്രമാണങ്ങളിൽ കാണാവുന്നതാണ്.

നബി(സ)യുടെ ഭാര്യയായ ആഇശ(റ), സൈനബ്(റ) എന്നിവർ പള്ളിയിൽ ഇഅ്തികാഫിരുന്നിരുന്നു (ബുഖാരി, മുസ്‌ലിം).

ആഇശ(റ) പറഞ്ഞു: "നിശ്ചയം സത്യവിശ്വാസിനികളായ സ്ത്രീകൾ അല്ലാഹുവിന്റെ റസൂലി(നോ)ടൊപ്പം അവരുടെ മൂടുവസ്ത്രം ധരിച്ചുകൊണ്ട് സുബ്ഹി നമസ്കാരത്തിൽ പങ്കെടുത്തിരുന്നു. നമസ്കാരം കഴിഞ്ഞാൽ അവർ വീട്ടിലേക്ക് മടങ്ങും. ഇരുട്ട് നിമിത്തം ഒരാൾക്കും അവരെ തിരിച്ചറിഞ്ഞിരുന്നില്ല" (ബുഖാരി).

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് ഇമാം ഇബ്നു ഹജർ അസ്ഖലാനി(റഹി) പറയുന്നത് നോക്കൂ: "ഈ ഹദീസിൽ സുബ്ഹി നമസ്കാരം അതിന്റെ ആദ്യസമയത്തുതന്നെ നിർവഹിക്കൽ സുന്നത്താണെന്നും രാത്രികളിൽ നമസ്കാരത്തിന്ന് വേണ്ടി സ്ത്രീകൾ പള്ളിയിലേക്ക് പുറപ്പെടാമെന്നുമുണ്ട്. അപ്രകാരം പകലിനെക്കാൾ രാത്രിയാണ് കൂടുതൽ സംശയത്തിന് സാധ്യതയുള്ളത് എന്നിരിക്കെ പകലിലും നമസ്കാരങ്ങൾക്കായി പള്ളിയിൽ പോകാമെന്ന് മനസ്സിലാകുന്നു" (ഫത്ഹുൽബാരി : 2/360)

നബി(സ)യുടെ വഫാത്തിന്ന് ശേഷവും അവിടുത്തെ ഭാര്യമാർ പള്ളിയിൽ നമസ്കരിക്കുകയും ഇഅ്തികാഫ് ഇരിക്കുകയും ചെയ്തിരുന്നു: ആഇശ(റ) നിവേദനം: "നബി(സ) വഫാത്താകുന്നതുവരെ റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്ന് ഇഹലോകവാസം വെടിഞ്ഞതിനുശേഷം അവിടുത്തെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നിരുന്നു" (ബുഖാരി, മുസ്‌ലിം).

*(തുടരും)*



മൂസ സ്വലാഹി കാര
: 97473 45768

# ആക്ഷേപങ്ങളിൽ ആശ്വാസമടയുന്ന സമസ്തക്കാർ

2

‘സലഫുകളെ’ പിൻപറ്റുന്നവരെ ‘സലഫികൾ’ എന്നല്ലാതെ എന്താണു വിശേഷിപ്പിക്കുക? വിശ്വാസ, ആചാരാനുഷ്ഠാനങ്ങളിൽ പ്രമാണം നോക്കി നിലപാടെടുക്കുന്നവരാണ് സലഫി സമൂഹമെന്ന് അവരെ അടുത്തറിയുന്നവർക്കെല്ലാം അറിയാം. അത്യാചാരങ്ങൾക്കോ അന്ധമായ അനുകരണത്തിനോ അവർ അടിമപ്പെടുകയില്ല! പുത്തനാചാരങ്ങളെയും ശിർക്കൻ വിശ്വാസങ്ങളെയും സലഫികൾ തുറന്നുകാട്ടുകതന്നെ ചെയ്യും. കാരണം അത് വിശ്വാസികളുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്.

മുസ്‌ലിയാർ എഴുതുന്നു: “പ്രവാചകാനുചരരായ സ്വഹാബികൾ നക്ഷത്ര സമാനരാണെന്നും അവരെ അനുധാവനം ചെയ്യുന്നവർ സന്മാർഗസ്ഥരാണെന്നും ഹദീസിലുണ്ട്. ഇതുപ്രകാരം അവരെ അനുധാവനം ചെയ്തവരെ സ്വഹാബിയ്യീൻ എന്നോ, ഖുലഫാഉ റാശിദീനെ പിന്തുടർന്നു ജീവിക്കുന്നവരെ റാശിദീൻ എന്നോ വിളിക്കാറില്ല. അതുകൊണ്ടുതന്നെ മുഖ്യധാരയിൽനിന്നു മാറിനിൽക്കാനുള്ള ത്വരയാണ് ഈ നാമപരിണാമങ്ങളിൽ ഒളിഞ്ഞിരിക്കുന്നതെന്ന് കരുതേണ്ടിവരും. സലഫും സലഫിയ്യത്തും തമ്മിൽ ആദർശപരമായി ഒരു ചേർച്ചയുമില്ലെന്നും മനസ്സിലാക്കുക” (പേജ് 10).

പൂർവികർ ആരാണെന്ന് തിരിയാത്തതിന്റെ കുഴപ്പമാണിത്. സ്വഹാബികളടങ്ങുന്ന ആദ്യ മൂന്ന് തലമുറയാണല്ലോ ഉത്തമരെന്ന് വിശേഷിപ്പിക്കപ്പെട്ടവർ. അല്ലാഹു പറയുന്നു: “തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും (അല്ലാഹുവിന്റെ) ദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!”(4:115).

‘സലഫുകളെ’ പിൻപറ്റുന്നവരെ ‘സലഫികൾ’ എന്നല്ലാതെ എന്താണു വിശേഷിപ്പിക്കുക? വിശ്വാസ, ആചാരാനുഷ്ഠാനങ്ങളിൽ പ്രമാണം നോക്കി നിലപാടെടുക്കുന്നവരാണ് സലഫി സമൂഹമെന്ന് അവരെ അടുത്തറിയുന്നവർക്കെല്ലാം അറിയാം. അത്യാചാരങ്ങൾ

ക്കോ അന്ധമായ അനുകരണത്തിനോ അവർ അടിമപ്പെടുകയില്ല! ഇബ്നു മസ്ഊദ്(റ)പറഞ്ഞു: "നിങ്ങൾ പിൻപറ്റുക, പുത്തനാചാരങ്ങൾ ഉണ്ടാക്കരുത്. നിങ്ങൾക്കത് മതിയാകും."

മുസ്‌ലിയാർ പറയട്ടെ: "സലഫിന്റെ വിശ്വാസ്യതയായിരുന്നു ഇസ്‌ലാമിന്റെ അവലംബം. സ്വഹാബത്തിന്റെ വിശ്വാസ്യതയെ ഇവർ സംശയത്തിന്റെ കരിനിഴലിൽ നിർത്തി. ഖവാരിജ് മുതൽ വഹാബികൾ വരെയുള്ള എല്ലാ മാർഗഭ്രംശങ്ങളിലും ഈ പ്രവണത കാണാം. കേരളത്തിൽ സ്വഹാബത്ത് വഴിയാണ് ഇസ്‌ലാം മത പ്രചാരണം നടക്കുന്നത്. പക്ഷേ, അവർ ഇസ്‌ലാമിൽ ജൂത-ഇസ്‌റാഈലി പുരാണേതിഹാസങ്ങൾ പ്രചരിപ്പിച്ചവരാണെന്നും കൊള്ളരുതാത്തവരാണെന്നും പറഞ്ഞുവെച്ചു മുജാഹിദ് വിഭാഗം. സ്വഹാബിമാർ മതത്തിൽ അവലംബമല്ലെന്നും അവർ തിട്ടൂരമിട്ടു" (പേജ് 11).

പരലോക ഭയമില്ലാത്തവർക്കേ ഇങ്ങനെ പ്രചരിപ്പിക്കാനാകൂ. ആരാണ് സ്വഹാബിമാരെ ആക്ഷേപിച്ചത്? വസ്തുതാപരമായി എന്താണിതിലുള്ളത്? ഖവാരിജുകൾ തുടങ്ങിവെച്ച പ്രമാണ ദുർവ്യാഖ്യാനം ഇവിടെ തുടർന്നതാരാണ്? സമസ്ത ആരംഭിച്ചത് മുതൽ അതിന്റെ പ്രവർത്തനങ്ങളിലും പ്രഭാഷണങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ശിയാ ആശയങ്ങൾ നിറച്ചതാരാണ്? സ്വഹാബികൾക്ക് പരിചയമില്ലാത്ത ജാറനിർമാണമടക്കം ഇസ്‌ലാമിന്റെ പേരിൽ ഇറക്കുമതി ചെയ്തത് സ്വഹാബികളെ എതിർക്കലല്ലേ? ജൂത-ക്രൈസ്ത വിഭാഗങ്ങളുടെ മതാചാരങ്ങളെ അനുകരിക്കുന്നവർ ആരാണ്?

അദ്ദേഹം പറയുന്ന മറ്റൊരു കാര്യം കൂടി കാണുക: "മക്കയിലും മദീനയിലും ഒട്ടനവധി സാംസ്കാരിക പൈതൃക ചിഹ്നങ്ങൾ തകർക്കപ്പെട്ടു. ലോകത്തേറ്റവുമധികം ഇസ്‌ലാമിക ചരിത്ര സ്മാരകങ്ങൾ ഉണ്ടാകേണ്ടിയിരുന്ന സുഊദി അറേബ്യ ശൂന്യമായി. ബദ്റോ ഉഹ്ദോ സംരക്ഷിക്കപ്പെട്ടില്ല. ഇസ്‌ലാമിന്റെ ത്രസിപ്പിക്കുന്ന ചിഹ്നങ്ങൾ മായ്ക്കപ്പെട്ടു. അനേകമനേകം ഓർമ ചിഹ്നങ്ങളുടെ ശവക്കാവായി ആ രാജ്യം പരിണമിച്ചു" (പേജ് 12).

മക്കത്തും മദീനത്തും മക്ബറ വ്യവസായവും ജാറപൂജയുമാണ് മുസ്‌ലിയാർ സ്വപ്നം കാണുന്നത്. ശവകുടീരങ്ങളിൽ ചെന്ന് ആരാധന നടത്തുന്നവർ 'ശവക്കാവി'നോട് എന്തിനു വെറുപ്പുകാണിക്കണം? നബി(സ്വ) അടക്കമുള്ള ആരുടെയും ക്വബ്റുകൾ അവിടെ കെട്ടിയുയർത്തി അലങ്കരിച്ചിട്ടില്ല എന്ന വസ്തുത സാധാരണക്കാരെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നത് പുരോഹിതന്മാർക്ക് വല്ലാത്ത അങ്കലാപ്പുണ്ടാക്കുന്നതാണ്. ആദരിക്കപ്പെടേണ്ട പൈതൃകങ്ങൾക്ക് ഇന്നും യാതൊരു കേടും സംഭവിച്ചിട്ടില്ലെന്നും ശിർക്കിന് വഴിവെക്കുന്ന ഒന്നിനുമവിടെ സ്ഥാനമില്ലെന്നും നാം മനസ്സിലാക്കണം.

> ശവകുടീരങ്ങളിൽ ചെന്ന് ആരാധന നടത്തുന്നവർ 'ശവക്കാവി'നോട് എന്തിനു വെറുപ്പുകാണിക്കണം? നബി(സ്വ) അടക്കമുള്ള ആരുടെയും ക്വബ്റുകൾ അവിടെ കെട്ടിയുയർത്തി അലങ്കരിച്ചിട്ടില്ല എന്ന വസ്തുത സാധാരണക്കാരെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നത് പുരോഹിതന്മാർക്ക് വല്ലാത്ത അങ്കലാപ്പുണ്ടാക്കുന്നതാണ്. ആദരിക്കപ്പെടേണ്ട പൈതൃകങ്ങൾക്ക് ഇന്നും യാതൊരു കേടും സംഭവിച്ചിട്ടില്ലെന്നും ശിർക്കിന് വഴിവെക്കുന്ന ഒന്നിനുമവിടെ സ്ഥാനമില്ലെന്നും നാം മനസ്സിലാക്കണം.

മുസ്‌ലിയാർ വീണ്ടും പറയുന്നു: "കേരള നവോത്ഥാനം പരസ്പരം ശിർക്കാരോപിക്കുന്നു. ജിന്നും മലക്കും പിശാചും വരെ തൗഹീദ് പ്രസ്ഥാനത്തിന്റെ തിണ്ണനിരങ്ങുന്നു. ആഗോള തലത്തിൽ സലഫിസം തീവ്രവാദ രാഷ്ട്രീയ മൂവ്മെന്റായി മനസ്സിലാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ വേണം വഹാബിസം സമുദായ ശരീരത്തിലേൽപ്പിച്ച പരുക്കുകൾ പരിശോധിക്കാൻ" (പേജ് 12).

മലക്കുകൾക്കും പ്രവാചകന്മാർക്കും ഔലിയാക്കൾക്കും അഭൗതിക മാർഗത്തിലൂടെ സഹായിക്കാൻ കഴിയുമെന്നും മരണശേഷം അവർക്ക് ശക്തി കൂടുമെന്നുമുള്ള പിഴച്ച വിശ്വാസമല്ലേ സമസ്തയുടെത്? ക്വുർആൻ വിലക്കിയതാണിത്. അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കി വെച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്കുതന്നെയാണ്" (14:30)

സമസ്തയുടെ മുശാവറയിൽ പെട്ടവർതന്നെ ഇന്നുവരെയുള്ള ആദർശത്തിന് ദുർഗന്ധമുണ്ടെന്ന് ഉന്നയിക്കുമ്പോൾ അത് മാറ്റാൻ ആദ്യം മുന്നിട്ടിറങ്ങുക. എന്നിട്ടാകാം

സലഫികളെ പഴിപറയൽ.

"നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും അവന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിനുശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല" (39:54).

തൗഹീദിനോടും അതിന്റെ വക്താക്കളോടും ഇവർ കാണിച്ച അന്യായത്തിന്റെ ആഴം എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കിത്തരുന്ന, മുസ്‌ലിയാരുടെ വാക്കുകൾ കാണുക: "മുസ്‌ലിംകളുടെ തൗഹീദിലായിരുന്നു ഇബ്നു അബ്ദിൽ വഹാബിന്റെ സംശയം. കേരളത്തിൽ മതപരിഷ്കരണത്തിനിറങ്ങിയവർക്കും സംശയം തൗഹീദിൽ തന്നെയായിരുന്നു. ആരാധന, പ്രാർഥന, സഹായാർഥന തുടങ്ങിയ സാങ്കേതിക ശബ്ദങ്ങളിൽ ചുറ്റിത്തിരിഞ്ഞായിരുന്നു ഏറിയ പങ്ക് പരിഷ്കരണങ്ങളും നിർദേശിക്കപ്പെട്ടത്. ശ്മശാനങ്ങൾക്ക് ചുറ്റുമായിരുന്നു നശീകരണ നവോത്ഥാനത്തിന്റെ പ്രയോക്താക്കൾ കറങ്ങി നടന്നത്. ശ്മശാന നവോത്ഥാനവും രക്തവിപ്ലവവും ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു?" (പേജ് 12).

> 'അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്' എന്ന വിശുദ്ധ ക്വുർആനിന്റെ ആഹ്വാനത്തെ തട്ടിമാറ്റി 1933ൽ ഫറോഖ് സമ്മേളനത്തിൽവെച്ച് അന്നത്തെ പുരോഹിതന്മാർ പാസ്സാക്കിയ തലതിരിഞ്ഞ ആശയങ്ങൾ നിറഞ്ഞ എട്ടാം പ്രമേയം ഏത് തൗഹീദിനെയാണ് പ്രതിനിധാനം ചെയ്യുന്നത്? ശിയാക്കളും സൂഫികളും വിശുദ്ധ ക്വുർആനിലെ വ്യത്യസ്ത ആയത്തുക്കളെ അവരുടെ താൽപര്യങ്ങൾക്കുവേണ്ടി ദുർവ്യാഖ്യാനിച്ചത് മാതൃകയാക്കി കാന്തപുരം മുസ്‌ലിയാരടക്കം പലരും നടത്തിയ ദുർവ്യാഖ്യാനങ്ങൾ തിരുത്താൻ സമസ്തക്കാർ തയ്യാറുണ്ടോ?

ആരാധനയിലെ മുഖ്യവിഷയങ്ങളിലെല്ലാം വ്യാജ ഔലിയാക്കളെ പങ്കാളികളാക്കി സമസ്ത കൊണ്ടു നടക്കുന്ന ആശയമെങ്ങനെയാണ് തൗഹീദാവുക? ഇസ്‌ലാമിനെ ശ്മശാനങ്ങളിൽ ഒതുക്കാനും ജനങ്ങളെ ശ്മശാനങ്ങൾക്കു ചുറ്റും കറങ്ങുന്നവരായി മാറ്റുവാനും പതിറ്റാണ്ടുകളായി പണിയെടുക്കുന്ന സമസ്തക്കാർക്ക് അതിനെതിരെ ശബ്ദിക്കുന്നവരോട് അരിശം തോന്നുക സ്വാഭാവികം. അല്ലാഹു പറയുന്നു: "എന്നാൽ ഏക ആരാധ്യനെ (അല്ലാഹുവിനെ) ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ!" (ക്വുർആൻ 9:32).

'അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്' എന്ന വിശുദ്ധ ക്വുർആനിന്റെ ആഹ്വാനത്തെ തട്ടി മാറ്റി 1933ൽ ഫറോഖ് സമ്മേളനത്തിൽവെച്ച് അന്നത്തെ പുരോഹിതന്മാർ പാസ്സാക്കിയ തലതിരിഞ്ഞ ആശയങ്ങൾ നിറഞ്ഞ എട്ടാം പ്രമേയം ഏത് തൗഹീദിനെയാണ് പ്രതിനിധാനം ചെയ്യുന്നത്?



ശിയാക്കളും സൂഫികളും വിശുദ്ധ ക്വുർആനിലെ വ്യത്യസ്ത ആയത്തുക്കളെ അവരുടെ താൽപര്യങ്ങൾക്കുവേണ്ടി ദുർവ്യാഖ്യാനിച്ചത് മാതൃകയാക്കി കാന്തപുരം മുസ്‌ലിയാരടക്കം പലരും നടത്തിയ ദുർവ്യാഖ്യാനങ്ങൾ തിരുത്താൻ സമസ്തക്കാർ തയ്യാറുണ്ടോ?

നബി(സ്വ) ശക്തമായി വിലക്കിയതും ശിയാക്കൾ ആരംഭിച്ചതുമായ ജാറനിർമാണം സമസ്ത ഏറ്റെടുത്തപ്പോൾ അതിനെ പ്രാമാണികമായി സലഫികൾ നേരിട്ടതിനെയാണ് 'നശീകരണ നവോത്ഥാനം,' 'ശ്മശാന നവോത്ഥാനം' എന്നൊക്കെ പറഞ്ഞ് മുസ്‌ലിയാർ പുച്ഛിക്കുന്നത്! അല്ലാഹു പറയുന്നു: "യാതൊരു അറിവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ

ത്താക്കി" (പേജ് 26).

മുവഹ്ഹിദുകളെ മുഴുവൻ കാന്തപുരം 'ദീനിൽനിന്ന് പുറത്താക്കിയ'തിന്റെയും സ്വന്തം സഭയിൽപ്പെട്ട കൂറ്റനാടിനെ ഖുർആൻ പരിഭാഷപ്പെടുത്തിയതിന്റെ പേരിൽ സമസ്ത സെക്രട്ടറി കാഫിറാക്കിയതിന്റെയും ഇ.കെ മുസ്‌ലിയാരെ സി.എം മടവൂർ കാഫിറാക്കിയതിന്റെയും പൊല്ലാപ്പുതന്നെ ഇതുവരെ സമസ്തയെ വിട്ടുപോയിട്ടില്ല.

ആരാധനയായി പഠിപ്പിക്കപ്പെട്ട പ്രാർഥന, സഹായതേട്ടം, തവക്കുൽ എന്നിവയെല്ലാം വ്യത്യസ്ത കേന്ദ്രങ്ങളിൽ സമർപ്പിക്കുക വഴി ശിർക്കിൽ പതിക്കുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ആയത്തുകൾ ഉദ്ധരിക്കുന്നതാണോ ദുർവ്യാഖ്യാനം? മരണപ്പെട്ട 'അമ്പിയാ-ഔലിയാക്കളെ ആദരിച്ച് സഹായാർഥന' നടത്താൻ പറയുന്ന ഖുർആൻ ആയത്തൊന്ന് ഉദ്ധരിക്കാമോ?

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക' എന്ന, ഖുർആൻ ആണയിട്ട് പറഞ്ഞ സന്ദേശം തന്നെയാണ് എപ്പോഴും പറയാനുള്ളത്. ഇബ്നു കസീർ(റഹി) പറയുന്നു: "എല്ലാ സന്ദർഭങ്ങളിലും സമയങ്ങളിലും അടിമകൾക്ക് ശ്രേഷ്ഠതയും അനുഗ്രഹവും നൽകുന്ന അന്നദാതാവും സ്രഷ്ടാവുമായിട്ടുള്ളവനിൽ ഒരാളെയും പങ്കുചേർക്കാതെ ഏകനാക്കി ആരാധിക്കണമെന്നാണ് ഈ കൽപന. സൃഷ്ടികളിൽ ഒന്നിനെയും അവനിൽ പങ്കുചേർക്കരുത്. അവൻ ഏകനാക്കപ്പെടാൻ അർഹനാണ്."

ഔലിയാക്കൾക്ക് ലോകം നിയന്ത്രിക്കാൻ കഴിയുമെന്നും അവർക്ക് അല്ലാഹു എന്തും സാധിച്ച് കൊടുക്കാനുള്ള കഴിവ് നൽകുമെന്നും ജൽപിക്കുന്ന പൗരോഹിത്യത്തിന് ഈ തൗഹീദ് ദഹിക്കാൻ സാധ്യതയില്ലല്ലോ.

സത്യത്തിലേക്കുള്ള നിരന്തരമായ ക്ഷണം ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നുണ്ടെന്നതിന്റെ പ്രകടമായ തെളിവാണ് പല ആത്മീയ കച്ചവട കേന്ദ്രങ്ങളിലും ആളുകൾ കുറഞ്ഞുവരുന്നു എന്നത്. അവർ അകലുന്നതിന്റെ കാരണം പ്രമാണ വെളിച്ചമാണ്. മുസ്‌ലിയാരുടെ പരിഭവം നോക്കൂ: "ആത്മീയ സദസ്സുകൾ ഹൃദയസംസ്കരണത്തിലും വിശ്വാസദൃഢത നൽകുന്നതിലും വലിയ പങ്കുവഹിക്കുന്നു. തിരുനബി (സ) യുടെ കാലം മുതൽ നിലനിൽക്കുന്ന ദിക്ർ ഹൽഖകൾ മുസ്‌ലിം ലോകത്ത് സുപരിചിതവുമാണ്. എന്നാൽ ഇത്തരം സദസ്സുകളെ പാടെ നിരാകരിച്ച് ആത്മീയസത്തയൂരിയ ജീവച്ഛവമായ ഒരു പ്രത്യയ ശാസ്ത്രമാണ് വഹാബികൾ പ്രചരിപ്പിച്ചത്" (പേജ് 27).

നബി(സ്വ) അനുചരന്മാർക്ക് ദീൻ പഠിപ്പിക്കാൻ ഒരുക്കിയ സദസ്സിനോട് തങ്ങളുടെ പൊള്ളത്തരങ്ങൾ വ്യാപിപ്പിക്കാനും മതവാണിഭം വളർത്താനും തയ്യാറാക്കുന്ന സംവിധാനങ്ങളെ താരതമ്യം ചെയ്യുക എന്നതുതന്നെ വളരെ മോശമാണ്. ഒന്ന് നബിചര്യയും ഈമാനും അനുസരണവുമാണ്. മറ്റൊന്ന് പുതുനിർമിതിയും സത്യനിഷേധവും ധിക്കാരവുമാണ്. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല; ദുഷിച്ചതിന്റെ വർധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (5:100).

പുത്തനാചാരങ്ങളെയും ശിർക്കൻ വിശ്വാസങ്ങളെയും സലഫികൾ തുറന്നുകാട്ടുകതന്നെ ചെയ്യും. കാരണം അത് വിശ്വാസികളുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്.



തർക്കിക്കുകയും ധിക്കാരിയായ ഏത് പിശാചിനെയും പിൻപറ്റുകയും ചെയ്യുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്" (22:3).

'പ്രമാണങ്ങളെ ബിദഇകൾ ചെയ്തത്' എന്ന പേരിൽ ഇതേ സുന്നി വോയ്സിൽ മറ്റൊരു മുസ്‌ലിയാർ എഴുതിവിട്ട അന്ധമായ വിമർശനം നോക്കൂ: "പ്രമാണങ്ങളെ മനസ്സിലാക്കുന്നിടത്ത് ബിദഇകൾക്ക് സംഭവിച്ച പിഴവിന്റെ പരിണിതഫലമാണ് ലോകമുസ്‌ലിംകളെ കാഫിറുകളാക്കാനുള്ള ഉത്സാഹം. അതിനുവേണ്ടി അവർ ഖുർആനിലെ സൂക്തങ്ങൾ ദുർവ്യാഖ്യാനം ചെയ്തു. അല്ലാഹു അല്ലാത്തവരെ ആരാധിക്കരുത് എന്ന ആശയം ഉൾകൊണ്ട സൂക്തങ്ങൾ അല്ലാഹുവിന്റെ അമ്പിയാ-ഔലിയാക്കളെ ആദരിച്ച് സഹായാർഥന നടത്തുന്നതിനെ കുറിച്ചാണെന്ന, ഒരു വ്യാഖ്യാതാവും പറയാത്ത ദുർവ്യാഖ്യാനങ്ങൾ നടത്തി ലോക മുസ്‌ലിംകളെ ബഹുദൈവ വിശ്വാസികളാക്കി മതത്തിനു പുറ

ഉസ്മാൻ പാലക്കാഴി
: 9656 292 244

# ഉമ്മ

ആദരവേറെ നാം നൽകിടുവാൻ
അർഹതയുള്ളവരാണേ ഉമ്മ.

ഈ ദുനിയാവിൽ നമുക്കു വേണ്ടി
ഇഷ്ടങ്ങളേറെ വെടിഞ്ഞു ഉമ്മ.

ഉദരത്തിൽ നമ്മളെ പത്തുമാസം
ഉണ്മയായ് കൊണ്ടുനടന്നു ഉമ്മ.

സദയം, ഗുണം നമ്മിൽ വർഷിക്കാനായ്
സുബ്ഹാനോടിരവോതും പതിവായ് ഉമ്മ.

ഉമ്മയെന്നുള്ളൊരാ രണ്ടക്ഷരം
ഉച്ചരിക്കുന്നതേ മധുരതരം.

അമ്മട്ടിലുള്ളൊരു സ്നേഹം നമ്മൾ
ആരിലും കാണാത്തതായ തരം.

ചെമ്മെ നമുക്കൊന്നു വേദനിച്ചാൽ
ചാരെ വന്നെത്തുമാ സ്നേഹാദരം

തമ്മിലടുപ്പിക്കും കണ്ണിയുമ്മ,
തീരാത്ത കാരുണ്യ പൊൻസാഗരം



WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
20 JANUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




യുവത്വം
നിർവചിക്കപ്പെടുന്നു

കേരള
യൂത്ത്
കോൺഫറൻസ്

WISDOM YOUTH

2024
ഫെബ്രുവരി 10 11
മലപ്പുറം

peaceradio Tune to reality
zameel the soulmate
DIALOGUE TV

9061 266 266 wisdomyouth

Wisdom Islamic Youth Organisation,
CV Complex, PV Swami Road, Calicut-2